# ANNUAL PLAN WRITE UP 2022-23

## STATE SCHEMES


| Sl.No. | Name of Scheme | Head of Account | Out lay (Rs. in Lakh) | Page No. |
|---|---|---|---|---|
| 1 | Nirbhaya Programmes- | 2235-02-103-68 (1) | 900.00 | 3 |
| 2 | Programmes on Gender Awareness and Gender Advisory Board | 2235-02-103-68 (2) | 100.00 | 4 |
| 3 | Programmes On Women Empowerment And Women Welfare Institutions. | 2235-02-103-68 (3) | 1400.00 | 5 |
| 4 | Upgradation of Women and Child Offices, Institutions and Vocational Training Centers | 2235-02-001-89 | 400.00 | 8 |
| 5 | Modernisation of Women and Child Offices and Welfare Institutions | 4235-02-103-96 | 200.00 | 9 |
| 6 | Modernisation of Existing Women & Child Institutions | 4235-02-103-97 | 330.00 | 9 |
| 7 | In Service Training To Departmental Officers Under WCD | 2235-02-001-88 | 70.00 | 9 |
| 8 | Development Of Anganwadi Centres As Community Resource Centres For Women And Children - A Life Cycle Approach | 2235-02-102-56 | 1100.00 | 10 |
| 9 | Psycho Social Services to Adolescent Girls | 2235-02-102-62 (1) | 3000.00 | 11 |
| 10 | Documentation And Publicity Including Observance Of National Days And Weeks Under Wcd- | 2235-02-103-59 | 60.00 | 11 |
| 11 | Gender Park | 2235-02-103-80 | 1000.00 | 12 |
| 12 | Construction Of Anganwadi Centres With LSGD | 4235-02-102-87 | 1100.00 | 13 |
| 13 | Construction Of Nirbhaya Homes | 4235-02-103-99 | 150.00 | 13 |
| 14 | Govt.-NGO Partnership in managing Welfare Institutions Under WCD | 2235-02-103-58 | 30.00 | 13 |
| 15 | First 1000 Days Programme For Infants | 2235-02-102-50 | 350.00 | 14 |
| 16 | Mobile Crèche And Day Care Centres For The Children Of Migrant Labours. | 2235-2-102-42 | 116.00 | 15 |
| 17 | Training To Anganwadi Functionaries | 2235-2-102-41 | 150.00 | 16 |
| 18 | Juvenile Justice Fund For Implementation Of Child Protection Activities | 2235-2-106-91 | 10.00 | 16 |
| 19 | Immediate Relief Fund For Survivors Of Violence- | 2235-02-103-57 | 200.00 | 17 |
| 20 | Our Responsibility To Children (Orc)- | 2235-02-102-36 (1) | 500.00 | 17 |
| 21 | Kaval, Karuthal, Saranabalyam, Bhadram, | 2235-02-102-36 (2) | 1000.00 | 18 |
| 22 | Construction and Modernization Of Anganwadi buildings | 4235-02-102-96 | 200.00 | 22 |
| 23 | Restoration of Anganwadi Centre damaged due to flood | 4235-02-102-86 | 20.00 | 22 |
| 24 | Establishment Of Apex Training Centre And Balabhavan at Pinarayi Grama | 2235-02-102-27 | 100.00 | 22 |

| | | | | |
|---|---|---|---|---|
| | Panchayat | | | |
| 25 | Entekoodu | 2235-02-101-75 | 50.00 | 23 |
| 26 | Kaithirinaalam | 2235-02-103-53 | 10.00 | 23 |
| 27 | Skill Development Training and Employment for Women | 2235-02-103-51 | 1.00 | 23 |
| 28 | Fare food inclusion of Egg and Milk in Anganwadi Menu | 2235-02-102-22 | 6150.00 | 24 |
| 29 | Assistance to Children orphaned by Covid-19 Pandemic | 2235-02-102-21 | 200.00 | 24 |
| | **TOTAL** | | **18897** | |

## II.CENTRAL SCHEMES

| SL.No. | Name of scheme | Head of Account | Outlay (Rs. in Lakh) | Page No. |
|---|---|---|---|---|
| 1 | Integrated Child Protection Scheme | 2235-02-102-61 | 3250.00 | 25 |
| 2 | ICDS Training Programme (60%CS) | 2235-02-102-44 | 300.00 | 26 |
| 3 | Pradhan Manthri Mathruvandana Yojna (60% CS) | 2235-02-103-56 | 7500.00 | 26 |
| 4 | Construction Of Anganwadi Centres Under MGNREGS in Convergence With ICDS (60% CS) | 4235-02-102-89 | 1.50 | 27 |
| 5 | Rajiv Gandhi Scheme For Empowerment Of Adolescent Girls(50% CS)- | 2235-02-102-40 | 50.00 | 27 |
| 6 | Swadhaar Greh(60% CS) | 2235-02-103-65 | 120.00 | 28 |
| 7 | Ujjwala (60% CS) | 2235-02-103-49 | 90.00 | 29 |
| 8 | National Crèche Scheme (60% CS) | 2235-02-102-20 | 783.00 | 29 |
| 9 | Upgradation Of Anganwadi centres (60% CS) | 2235-02-102-33 | 1.00 | 30 |
| 10 | Construction Of Baby Friendly Toilets In Anganwadis(60% CS) | 2235-02-102-31 | 1.00 | 30 |
| 11 | Providing Drinking Water Facility In Anganwadicentres (60% CS) | 2235-02-102-30 | 1.50 | 30 |
| 12 | Mahila Shakti Kendra (60% CS) | 2235-2-103-54 | 200.00 | 31 |
| 13 | Procurement Of Aadhar Enrolment Kit(60% Css) | 2235-02-102-32 | 1160.00 | 31 |
| 14 | Integrated Child Development Service (60% CS) | 2235-02-102-47 | 47000.00 | 32 |
| 15 | National Nutrition Mission (80% CS) | 2235-02-102-28 | 8160.00 | 33 |
| 16 | Supplementary Nutrition Programme (50 %CS) | 2235-02-102-39 | 15000.00 | 33 |
| | **TOTAL** | | **83618.00** | |

**1. വനിതാ വികസന പരിപാടികൾ**

**നിർഭയ**

HA : 2235-02-103-68(1) (വിഹിതം : 900.00 ലക്ഷം രൂപ)

സംസ്ഥാന നിർഭയ പോളിസി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾക്കനുസൃതമായി പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. ലൈംഗികാതിക്രമങ്ങൾ തടയുന്നത് ഉറപ്പാക്കുക, സാമൂഹ്യ നിരീക്ഷണ സംവിധാനത്തിലൂടെയും താഴെത്തട്ടിൽ നിന്നുള്ള ഇടപെടലിലൂടെയും, ഇരകൾക്കു മെച്ചപ്പെട്ട സംരക്ഷണ സേവനങ്ങൾ നൽകുക, ഫലപ്രദമായ പുനരധിവാസം, അനന്തര ശുശ്രൂഷ എന്നിവ മുഖേന ഇരകളെ അതിജീവിക്കാൻ പ്രാപ്തരാക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

- വനിതകളുടേയും കുട്ടികളുടേയും 16 ഭവനങ്ങൾ, 3 എസ് ഒ എസ് ഭവനങ്ങൾ, 1 ആഫ്റ്റർകെയർ ഹോം, 1 മെന്റൽ ഹെൽത്ത് ഹോം എന്നിവയുടെ നടത്തിപ്പ്.
- രണ്ട് പുതിയ ഹോമുകൾ ആരംഭിക്കുക.
- ആഫ്റ്റർ കെയർ ഹോമുകൾ ആരംഭിക്കുക.
- പത്തനംതിട്ടയിൽ ഒരു പുതിയ നിർഭയ ഹോം ആരഭിക്കുക.
- ഐ.ഇ.സി. പരിപാടികൾ, സ്കൂളുകളിലും കോളേജുകളിലും ക്യാമ്പയിനുകൾ, പ്രതിരോധ പരിപാടികൾ.
- ആഫ്റ്റർ കെയർഹോമുകളുടെ നടത്തിപ്പ്.
- നിർഭയ ഷെൽട്ടർ ഹോമുകളിലെയും വൺ സ്റ്റോപ്പ് കേന്ദ്രങ്ങളിലെയും ഉദ്യോഗസ്ഥർക്കും നിർഭയയുടെ മറ്റു സ്റ്റേക്ക് ഹോൾഡേഴ്സിനുമുള്ള പരിശീലനവും, കാര്യശേഷി വർദ്ധിപ്പിക്കാനുള്ള പരിപാടികളും.
- ജില്ലാതല നിർഭയാ എമർജൻസി റസ്പോൺസ് ടീമുകളുടെ രൂപീകരണവും നടത്തിപ്പും
- ജില്ലാ നിർഭയ കമ്മിറ്റികളെ ശക്തിപ്പെടുത്തൽ.
- സ്ത്രീകളുടേയും കുട്ടികളുടേയും ഹോമിലെ എല്ലാ താമസക്കാർക്കും നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും.
- മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്കും ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കുമായി ഹോമുകൾ
- തേജോമയ അനന്തര സുരക്ഷാ ഭവനം. (നൈപുണ്യം, തൊഴിൽ പരിശീലനം).
- മൾട്ടി കണവർജൻസ് വർക്ക്ഷോപ്പ്.
- സമഗ്ര സുരക്ഷാ കേന്ദ്രം.
- SOS മോഡൽ ഹോമിന്റെ നിലവാരം ഉയർത്തുക.
- ഷെൽട്ടർ ഹോമിലെ അന്തേവാസികൾക്ക് വിവാഹ ധനസഹായം.
- POCSO അതിജീവിച്ചവർക്കായി ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ.
- POCSO ഇരകൾക്കും അതിജീവിച്ചവർക്കും കാവൽ മാതൃകയിലുള്ള സാമൂഹ്യാധിഷ്ഠിതമായ മാനസിക സാമൂഹ്യ പുനരധിവാസ പരിപാടി.
- ലൈംഗികാതിക്രമത്തിനിരയായ കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം.

- ലീഗൽ സെൽ, ഭരണ ചെലവ്.

വനിതകൾക്കും കുട്ടികൾക്കുമായുള്ള 21 ഹോമുകൾ നിലവിൽ സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ട്. പാർപ്പിടം, ഭക്ഷണം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്കു പുറമേ യോഗ, സംഗീതം, ക്രാഫ്റ്റ്, കലകൾ, സ്പോർട്സ്, ജീവിത നൈപുണ്യ വിദ്യാഭ്യാസം എന്നിവയും വനിതാ ശിശുഭവനങ്ങളിലെ പ്രവർത്തനങ്ങളുടെ ഭാഗമാക്കേണ്ടതാണ്. പത്തനംതിട്ട ജില്ലയിൽ ഒരു വനിതാ ശിശുഭവനമെങ്കിലും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ വേറേ ഒരു ഭവനത്തിലേക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു ഭവനം തൃശ്ശൂരിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങളെ അതിജീവിച്ചവർക്ക് തങ്ങളുടെ പഠനം പൂർത്തിയാക്കിയ ശേഷം താല്പര്യമുള്ള വിവിധ തൊഴിലിൽ ഏർപ്പെടുവാൻ ഉദ്ദേശിച്ചുള്ളതാണ് എറണാകുളത്ത് എടക്കാട്ടുവയലിൽ പ്രവർത്തിക്കുന്ന തേജോമയ ആഫ്റ്റർ കെയർ ഹോം.

സ്വകാര്യ/പൊതുസ്ഥലങ്ങളിലോ, ജോലി സ്ഥലത്തോ, സമൂഹത്തിലോ, കുടുംബത്തിലോ അതിക്രമം നേരിടേണ്ടിവന്ന സ്ത്രീകൾക്ക് പിന്തുണ നൽകുകയെന്നതാണ് ഒ.എസ്.സി കളുടെ ഉദ്ദേശം. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, കുടുംബത്തിൽ നിന്നും നേരിടേണ്ടി വരുന്ന അക്രമം, മനുഷ്യക്കടത്ത്, മാന്യത സംബന്ധിച്ച കുറ്റങ്ങൾ, ആസിഡ് അപകടങ്ങൾ എന്നിവ നേരിടേണ്ടി വന്നതു മൂലം ഒ.എസ്.സി.യിൽ എത്തുന്ന സ്ത്രീകൾക്ക് 24 മണിക്കൂർ പ്രത്യേക സേവനങ്ങൾ നൽകുന്നതാണ്. നിലവിൽ 14 ജില്ലകളിലായി 14 വൺസ്റ്റോപ്പ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പൊതു സ്ഥലത്തും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും, ദുരുപയോഗവും മനുഷ്യകടത്തലും ഇല്ലാതാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകുന്നു.

(II) **ജെൻഡർ അവബോധന പരിപാടികൾ**

**HA -2235-02-103-68(2)** **(വിഹിതം : 100 ലക്ഷം രൂപ)**

- ജെൻഡർ അഡ്വൈസറുടെയും ജീവനക്കാരുടേയും ശമ്പളവും അലവൻസുകളും മറ്റു ഭരണ ചെലവുകളും.
- ഐ.ഇ.സി പ്രവർത്തനത്തിൽ ഏർപ്പെട്ട വിവിധ സ്റ്റേക്ക് ഹോൾഡേഴ്സിനു ബോധവൽക്കരണ പരിപാടി
- ജോലിസ്ഥലത്ത് സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമം (തടയൽ, നിരോധനം, പരിഹാരം) ആക്ട് 2013 ന്റെ നിർവ്വഹണം.
- ജെൻഡർ ബഡ്ജറ്റിംഗ്, ജെൻഡർ ആഡിറ്റിംഗ്
- പൊതുജനത്തിന് ജെൻഡർ സൂക്ഷ്മ ബോധന പരിപാടികൾ

(III) **സ്ത്രീശാക്തീകരണ പരിപാടികളും വനിതാക്ഷേമ സ്ഥാപനങ്ങളും**

**HA 2235-02-103-68(3)** **(വിഹിതം : 1400 ലക്ഷം)**

1. സ്ത്രീകളുമായി ബന്ധപ്പെട്ട നിയമ നിർമ്മാണങ്ങളും പിന്തുണ സംവിധാനങ്ങളും നടപ്പിലാക്കുക.

ശൈശവ വിവാഹ നിരോധന ആക്ട് 2006, സ്ത്രീധന നിരോധന നിയമം 1961, മാതൃ ആനുകൂല്യ നിയമം 1861, ഇൻഡീസന്റ് റെപ്രസെന്റേഷൻ ഓഫ് വിമൻ (പ്രതിരോധം) 1986, ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം നിയമം 2006 ,തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം (തടയലും പരിഹാരവും) നിയമം 2013 എന്നിവ നടപ്പാക്കുക.

- ശൈശവ വിവാഹ പ്രതിരോധത്തിനുള്ള പ്രവർത്തനങ്ങളും ക്യാമ്പയിനുകളും, സ്ത്രീധന നിരോധനം, പെൺകുട്ടികളുടെ അന്താരാഷ്ട്ര ദിനാചരണം, ശൈശവ വിവാഹം തടയുന്നതിനായി അതു സംബന്ധിച്ച് വിവരം അറിയിക്കുന്നവർക്കുള്ള ഇൻസെന്റീവ്.
- ഗാർഹിക പീഡനത്തിനിരയായവർക്ക് നിയമ കൗൺസിലിംഗ് നൽകുന്നതിനായുള്ള സഹായ കേന്ദ്രങ്ങൾക്കുള്ള (സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ, ഫാമിലി കൗൺസിലിംഗ് സെന്റർ) സഹായവും, അനുബന്ധ ചെലവുകളും, പ്രോജക്ട് സ്റ്റാഫിനുള്ള ഹോണറേറിയം.
- ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ഷെൽട്ടർ ഹോമുകൾ നടത്തുന്നതിനുള്ള ഫണ്ട്.
- വനിത പ്രൊട്ടക്ഷൻ ഓഫീസർമാരുടെ മെസഞ്ചർമാർക്ക് ഹോണറേറിയം.
- ഗാർഹിക പീഡനത്തിനിരയായവർക്കും/അതിജീവിച്ചവർക്കും പുനരധിവാസ പദ്ധതി.
- പ്രത്യേക സേവനങ്ങൾക്കു വേണ്ടിയുള്ള സൗകര്യങ്ങളും പുതിയ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും.
- ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് സാമൂഹിക സംരക്ഷണം ഉറപ്പാക്കുക.
- വനിതകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും, ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നടപ്പിലാക്കുക.
- ഇന്റേണൽ പരാതി കമ്മിറ്റിയും പ്രാദേശിക പരാതി കമ്മിറ്റിയും ശക്തിപ്പെടുത്തുക. സിറ്റിംഗ് ഫീസും, യാത്രാബത്തയും ഉൾപ്പടെ.

2. **സർക്കാർ ഹോമുകളുടെ പ്രവർത്തനം, ഭവനങ്ങളിലെ പുനരധിവാസവും സുരക്ഷയും ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടികൾ**

- വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്ക് ട്യൂഷൻ ഫീസ്, താമസച്ചെലവ്, പഠന ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സഹായം, സ്ഥാപനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.
- വനിതാ ക്ഷേമ സ്ഥാപനങ്ങളിലുള്ള അന്തേവാസികൾക്കും മുൻ അന്തേവാസികൾക്കും ദുരിത ബാധിതരായ സ്ത്രീകൾക്കും തൊഴിൽ പരിശീലനം നൽകുക, സ്വയം തൊഴിലിന് ധനസഹായം നൽകുക, തൊഴിൽ പരിശീലന യൂണിറ്റ് ആരംഭിക്കുക.
- സർക്കാർ / സർക്കാർ എയിഡഡ് ഷെൽട്ടർ ഹോമിലെ വനിതകൾക്ക് സമ്പൂർണ്ണ പുനരധിവാസം.
- വൺഡേ ഹോമുകൾ സ്ഥാപിക്കുക, അവയുടെ പരിപാലനവും.
- "സ്നേഹ സംഗമം"- മുൻ അന്തേവാസികളുടെ വാർഷിക കൂടിച്ചേരലും കൈവരിച്ച നേട്ടങ്ങളുടെ അവതരണവും.
- ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം / യോഗ പരിശീലനം.

3. **ജെൻഡർ സെൻസിറ്റിവിറ്റി മെച്ചപ്പെടുത്തൽ**

- ജെൻഡറുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ, സർവ്വേകൾ.
- വിവിധ വിഭാഗത്തിൽപ്പെട്ടവരുടെ (വിധവകൾ/അവിവാഹിതർ /വിവാഹ മോചനം നേടിയവർ/ ഒറ്റയ്ക്ക് താമസിക്കുന്നവർ/പാർശ്വവൽക്കരിക്കപ്പെട്ട വനിതകൾ/ ദുഷ്കരമായ സാഹചര്യങ്ങളിലെ സ്ത്രീകൾ) പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിന് സാഹചര്യ വിശകലനം /സർവ്വേകൾ / പഠനങ്ങൾ.
- ലിംഗപദവി സമത്വവും സ്ത്രീ ശാക്തീകരണ നയവും.
- വിവാഹപൂർവ്വ കൗൺസിലിംഗ്.
- കപ്പാസിറ്റി ബിൽഡിംഗ് പദ്ധതികൾ.
- ലിംഗപദവി സമത്വം ഉറപ്പാക്കുന്നതിനും, തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ മേഖലയിലേക്ക് വീണ്ടും പ്രവേശിക്കുന്നതിനുമുള്ള പദ്ധതികൾ വികസിപ്പിക്കുക.
- വനിതാ നേതാക്കളെ മുൻ നിരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ അവലംബിക്കുക.
- ലൈംഗിക തൊഴിലാളികൾക്കും അവരുടെ കുട്ടികൾക്കുമുള്ള പുനരധിവാസ പദ്ധതി.

4. **പാർശ്വവൽക്കരിക്കപ്പെട്ടതും അവശത അനുഭവിക്കുന്നതുമായ സ്ത്രീകൾക്കുള്ള സാമൂഹ്യനീതി**

- വനിതകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, തൊഴിൽ നൽകുന്നതിനുമുള്ള പദ്ധതികളും.
- സ്ത്രീകളേയും കുട്ടികളേയും കടത്തുന്നത് തടയുന്നതിനായുള്ള പദ്ധതികൾ, രഹസ്യ വിവരം അറിയിക്കുന്നവർക്കുള്ള ഇൻസെന്റീവ്.
- പാർശ്വവൽക്കിരക്കപ്പെട്ട വനിതകൾക്ക് സുരക്ഷയും സംരക്ഷണവും / കൗൺസിലിംഗ്.
- പോസ്റ്റ് പാർട്ടം ഡിപ്രഷൻ -ബോധവൽക്കരണ പരിപാടി
- ലൈംഗിക തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പ്രൊജക്ട്.
- മംഗല്യ പദ്ധതി
- വനിത ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾക്ക് ധനസഹായം
- അഭയകിരണം
- സഹായഹസ്തം പ്രൊജക്ട്
- അതിജീവിക
- മഹിളാ മന്ദിരത്തിലെ അന്തേവാസികളുടെ വിവാഹത്തിന് ധനസഹായം.
- ശ്രദ്ധ- വകുപ്പ് ഉദ്യോഗസ്ഥർക്കും സേവന ദായകർക്കും നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം
- കൈത്താങ്ങ് – പദ്ധതി
- " സധൈര്യം മുന്നോട്ട് " പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ
- വനിതാരത്ന പുരസ്കാരം - വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മഹനീയ വനിതകൾക്ക് അസാധാരണമായ നേട്ടം കൈവരിച്ചതിനുള്ള അവാർഡ് & വനിതാദിന ആഘോഷങ്ങളും.
- വനിതകൾക്കുള്ള വിവിധ പദ്ധതികൾക്കായി പുതിയ സോഫ്റ്റ് വെയർ, ആപ്ലിക്കേഷൻ എന്നിവ തയ്യാറാക്കുക.
- ജാഗ്രതാ സമിതി ശക്തിപ്പെടുത്തുക.
- ദുരിത ബാധിതരായ സ്ത്രീകൾക്ക് ചികിത്സാ ഇടപെടലുകൾ
- കേരള വുമൺ വെബ് പോർട്ടലിന്റെ പരിപാലനം.

2022-23 ൽ 2400.00 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തുന്നു. ഇതിൽ 900.00 ലക്ഷം രൂപ തേജോമയ ഉൾപ്പെടെയുള്ള നിർഭയ പരിപാടികൾക്കും 100.00 ലക്ഷം രൂപ ജെൻഡർ അവബോധന പരിപാടികൾക്കും 1400.00 ലക്ഷം രൂപ വനിതാ ശാക്തീകരണ പരിപാടികൾക്കുമാണ്.

2. **വനിത ശിശുവികസന വകുപ്പിലെ ഭരണസംവിധാനം മെച്ചപ്പെടുത്തുക.**

**എ. വനിതാ ശിശുവികസന ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും നവീകരണം**

**HA-2235-02-001-89** **(വിഹിതം : 400.00 ലക്ഷം രൂപ)**

കുട്ടികളുടേയും വനിതകളുടേയും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വനിത ശിശുവികസന വകുപ്പിനു കീഴിൽ വിവിധ ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. അംഗീകൃത ഏജൻസികൾ മുഖേന നടന്നുവരുന്ന ക്ഷേമ സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും അറ്റകുറ്റപ്പണികൾക്കും നവീകരണ പ്രവർത്തനങ്ങൾക്കുമാണ് തുക വകയിരുത്തിയിരിക്കുന്നത്. ഡയറക്ടറേറ്റിന്റേയും ജില്ലാ വനിതാ ശിശുവികസന ഓഫീസുകളുടേയും നിലവിലുള്ളതും പുതിയതുമായ നിർമ്മാണങ്ങൾക്കുള്ള തുക ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2022-23 ൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ 400.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2022-23-ൽ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പ്രവർത്തികൾ**

- വനിത ശിശു വികസന ഓഫീസുകളിലും ഡയറക്ടറേറ്റിലും വനിത പ്രൊട്ടക്ഷൻ ഓഫീസർമാർക്കും വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക.
- വകുപ്പിലുള്ള ഉദ്യോഗസ്ഥർക്ക് സി.യു.ജി. സിം ടോപ്പ് അപ്പ് ചാർജ്ജുകൾ.
- വകുപ്പിന്റെ വെബ്സൈറ്റ് വികസനവും മെയിന്റനൻസും വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട സേവനങ്ങൾ, വാർഷിക പരിപാലന ചെലവുകൾ, ഇന്റർനെറ്റ് ചാർജ്ജുകൾ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും പശ്ചാത്തല സൗകര്യങ്ങൾ എന്നിവ നടപ്പാക്കുക. IT ഹാർഡ് വെയർ/സോഫ്റ്റ് വെയർ വാങ്ങുക.
- തുടർ പദ്ധതികളുടെ പൂർത്തീകരണവും പുതിയ കെട്ടിട നിർമ്മാണവും.
- എല്ലാ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം സ്ഥാപിക്കലും പരിപാലനവും.
- ഡയറക്ടറേറ്റിൽ IT സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വീഡിയോ കോൺഫറൻസിംഗ് റൂം തയ്യാറാക്കുന്നതിനും.
- ജില്ലാ വനിത ശിശു വികസന ഓഫീസുകളിൽ ഓഫീസ് വാടകയുൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ.
- ഗവേഷണവും അനാലിസിസ് വിംഗും നിർമ്മാണ വിഭാഗവും.
- IEC പ്രവർത്തനങ്ങൾ, അഡ്വക്കസിയും ബോധവൽക്കരണ പരിപാടികളും, വകുപ്പ് പദ്ധതികളുടെ അവലോകന യോഗങ്ങൾ, അവബോധന പരിപാടികൾ എന്നിവയ്ക്കായുള്ള ഫണ്ട്.
- ദുരിതമനുഭവിക്കുന്ന വനിതകൾക്കും കുട്ടികൾക്കും ധനസഹായം നൽകുന്നതിനായി ജില്ലാ ഉദ്യോഗസ്ഥർക്ക് തുക അനുവദിക്കുക.
- സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള സഹായികൾ - പരിശീലന പരിപാടികൾ, ഹോണറേറിയം.
- ജില്ലാതല വനിത ശിശു വികസന ഓഫീസുകളിൽ ഹെൽപ്പ് ഡസ്ക്.
- ഡയറക്ടറേറ്റ്, സബ് ഓഫീസുകൾ, ക്ഷേമ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഫർണിച്ചർ, മെഷിനറികൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുക.

**ബി. വനിത ശിശു വികസന ഓഫീസുകളുടെയും സ്ഥാപനങ്ങളുടേയും നവികരണം**
**HA-4235-02-103-96 (വിഹിതം 200.00 ലക്ഷം രൂപ)**

ഡയറക്ടറേറ്റിന്റെ നിർമ്മാണം, നവീകരണം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും ഡയറക്ടറേറ്റിലും മറ്റു സ്ഥാപനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു. പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 200.00 ലക്ഷം രൂപ വകയിരുത്തുന്നു.

**സി. നിലവിലുള്ള വനിത ശിശു സ്ഥാപനങ്ങളുടെ നവികരണം**
**HA-4235-02-103-97 (വിഹിതം 330.00 ലക്ഷം രൂപ)**

നിലവിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തികളും അറ്റകുറ്റപ്പണികളും അത്യാവശ്യമാണ്. ക്ഷേമ സ്ഥാപനങ്ങളുടെയും ഓഫീസുകളുടേയും അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും അംഗീകൃത ഏജൻസികൾ മുഖേന നടപ്പാക്കുന്നതിന് 2022-23 ൽ 330.00 ലക്ഷം രൂപ വകയിരുത്തുന്നു.

**2022-23 -ൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

- വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റിന്റേയും സ്ഥാപനങ്ങളുടേയും നിർമ്മാണം, പുനരുദ്ധാരണം, വിപുലീകരണം.
- ICPSന്റെ സംസ്ഥാന ഓഫീസിന് പുതിയ കെട്ടിടം.
- JJB, CWC കെട്ടിടങ്ങളുടെ പുനരുദ്ധാരണം/നിർമ്മാണം.
- JJ ഹോമുകളും അനന്തര ശുശ്രൂഷ ഹോമുകളും ശിശു സൗഹൃദഹോമുകളാക്കുക .
- തൃശ്ശൂരിൽ മാസ്റ്റർ പ്ലാൻ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ് നടപ്പാക്കുക.

**3. വനിത ശിശു വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനപരിപാടികൾ.**
**HA : 2235-02-001-88 (വിഹിതം 70.00 ലക്ഷം രൂപ)**

വനിത ശിശുവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകളും കടമകളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവ്വഹിക്കുന്നതിന് പരിശിലനം ആവശ്യമാണ്. അങ്കണവാടി ഭാരവാഹികൾ ഉൾപ്പെടെ വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. വകുപ്പിൽ പുതുതായി ചേർന്നവർക്കും സ്ഥാനകയറ്റം ലഭിച്ചവർക്കും ഓഫീസ് നടപടി ക്രമങ്ങളെക്കുറിച്ച് ഇൻഡക്ഷൻ/ഓറിയന്റേഷൻ പരിശീലനം നൽകേണ്ടതുണ്ട്. നിലവിലുള്ള സാമൂഹ്യ നിയമനിർമ്മാണവും ചട്ടങ്ങളും നടപ്പിലാക്കേണ്ട ഉത്തരവാദിത്വങ്ങൾ, നടത്തിപ്പ്, മാർഗ്ഗരേഖകൾ, വകുപ്പിന്റെ നടത്തിപ്പ്, നടപടിക്രമങ്ങൾ തുടങ്ങിയവയും മനസ്സിലാക്കേണ്ടതുണ്ട്. വകുപ്പ് ഉദ്യോഗസ്ഥരല്ലാത്ത പ്രാഥമിക സ്റ്റേക്ക് ഹോൾഡേഴ്സിന്റെ കഴിവ് വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്. ഭാരവാഹികൾക്ക് അവരുടെ ജോലികളും ഉത്തരവാദിത്വങ്ങളും കാര്യശേഷിയോടെയും ഫലപ്രദമായും നിർവ്വഹിക്കുവാൻ കഴിയും വിധം അവരുടെ കഴിവും അറിവും മനോഭാവവും മെച്ചപ്പെടുത്തുന്നതിനായി വിദഗ്ദരുടേയും നൈപുണ്യം നേടിയ വ്യക്തികളുടേയും പിന്തുണ ആവശ്യമാണ്. താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി 2022-23 ബഡ്ജറ്റിൽ 70.00 ലക്ഷം രൂപ വകയിരുത്തുന്നു.

- രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങൾ മുഖേന എല്ലാ വിഭാഗങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- പരിശീലന സഹായി തയ്യാറാക്കുക, വകുപ്പിന്റെ വിവിധ പരിശീലന പരിപാടികൾ സംയോജിപ്പിക്കുക.
- AWTC/MLTC ഇൻസ്ട്രക്ടർമാർ, ക്രഷ് ജീവനക്കാർ, ഷെൽട്ടർഹോം ജീവനക്കാർ, SPC, FCC ജീവനക്കാർ ഉൾപ്പെടെ എല്ലാ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും സ്കൂൾ കൗൺസിലർമാർക്കും പരിശീലനം നൽകുക.
- വകുപ്പിലെ ഉദ്യോഗസ്ഥർക്കും അങ്കണവാടി വർക്കർമാർക്കും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വനിതാ ശിശുവികസനവുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് കോഴ്സുകൾ പഠിക്കുന്നതിനുള്ള സഹായം.

**4. അങ്കണവാടി സ്ഥാപനങ്ങളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം.**

**HA: 2235-02-102-56** **(വിഹിതം : 1100.00 ലക്ഷം രൂപ)**

സമൂഹത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്ര വികസനം, പരിവർത്തനത്തിന്റെ പ്രതിനിധിയാണ് സ്ത്രീകൾ എന്നുള്ള അവബോധം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആവശ്യാധിഷ്ഠിതമായ സേവനങ്ങളുടെ സംയോജനം, വിഭവങ്ങൾ, പശ്ചാത്തല സൗകര്യം, മനുഷ്യവിഭവശേഷി എന്നിവ സമന്വയിപ്പിച്ച് അങ്കണവാടികളെ കമ്മ്യൂണിറ്റി റിസോഴ്സ് കേന്ദ്രമാക്കി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

- കൗമാരപ്രായത്തിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമുള്ള ക്ലബ്.
- അങ്കണവാടി കെട്ടിട നിർമ്മാണവും പുനരുദ്ധാരണവും.
- ഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന സ്ഥലത്തെ അങ്കണവാടി കേന്ദ്രീകരിച്ചുള്ളതും പ്രദേശിക ഗോത്ര ഭാഷയിലുള്ളതുമായ പ്രീ-സ്കൂൾ പഠനം.
- അങ്കണവാടികളിൽ പ്രവേശനോൽസവം സംഘടിപ്പിക്കുക.
- ICDS, അങ്കണവാടി സേവനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന അവാർഡ് നൽകുക.
- ആവശ്യമുള്ള പ്രദേശങ്ങളിൽ സാമൂഹ്യ അടുക്കള.
- സോഷ്യൽ ആഡിറ്റ്.
- ECCE പാഠ്യ പദ്ധതി പുതുക്കൽ, കിളിക്കൊഞ്ചൽ പോലെയുള്ള ECCE പ്രവർത്തനങ്ങൾ,
- അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഐഡൻഡിറ്റി കാർഡ്.
- അങ്കണവാടി കുട്ടികൾക്ക് യൂണിഫോം നല്കുക.
- വളർച്ചാ മുരടിപ്പുള്ള കുട്ടികൾക്കും പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കും അങ്കണവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- വൈകല്യങ്ങൾ പ്രാരംഭത്തിൽ കണ്ടെത്തുക, വളർച്ചാ മുരടിപ്പ്, കുട്ടികളിലെ പോഷകാഹാര കുറവുകൾ എന്നിവയ്ക്കുള്ള പദ്ധതികൾ.

- ICDS സൂപ്പർവൈസർമാർ, അങ്കണവാടി ജീവനക്കാർ എന്നിവർക്ക് റിഫ്രഷർ പരിശീലനം.
- സ്കൂൾ പഠനം നിർത്തിയ (ഡ്രോപ്പ് ഔട്ട്) 14 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനം, പോഷകാഹാര വിതരണം ഉൾപ്പടെയുള്ള സഹായങ്ങൾ.
- എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും പോഷകാഹാര ക്ലിനിക്കുകൾ.

2022-23 ബഡ്ജറ്റിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള സൈക്കോ-സോഷ്യൽ സർവ്വീസ്**
**HA: 2235-02-102-62** **(വിഹിതം: 3000.00 ലക്ഷം രൂപ)**

2008-09 വർഷത്തിൽ 'കിശോരി ശക്തിയോജന' പദ്ധതിയുടെ കീഴിൽ 163 തെരഞ്ഞെടുത്ത സ്കൂളുകളിൽ ഈ പരിപാടി ആരംഭിച്ചു. 2009-10ൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തുകയും സൈക്കോസോഷ്യൽ സർവ്വീസ് എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തു. നിലവിൽ ഈ പദ്ധതി 1012 സ്കൂളുകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. സ്കൂളുകളിൽ കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്കും മറ്റ് വിദ്യാർത്ഥിനികൾക്കും കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനായി യോഗ്യത നേടിയ ഒരു കൗൺസിലറെ സ്കൂളിൽ നിയോഗിക്കുന്നതാണ്. കൗൺസിലർമാർക്കുള്ള ഹോണറേറിയം, TA വേനൽക്കാല ക്ലാസുകളും രക്ഷിതാക്കൾക്ക് അവബോധന ക്ലാസുകളും സംഘടിപ്പിക്കുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ഈ കൗൺസിലർമാർക്ക് അങ്കണവാടികളിലെ ഗേൾസ് ക്ലബുകളിൽ അമ്മമാരേയും കൗമാരപ്രായക്കാരായ പെൺകുട്ടികളെയും കൗൺസിലിംഗ് നടത്തുന്ന മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനുള്ള TAയും നല്കുന്നു.

(1)സ്കൂൾ കൗൺസിലർമാർക്ക് ഹോണറേറിയം, (2) സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർക്കു നൈപുണ്യ വികസനം, (3) അടിസ്ഥാന സൗകര്യ വികസനങ്ങൾ (4) ടെലി കൗൺസിലിംഗ് ഉൾപ്പടെയുള്ള മറ്റു ചിലവുകൾ (5) സ്കൂൾ കൗൺസിലർമാരുടെ പ്രതിമാസ അവലോകന യോഗങ്ങൾ, ഐഡൻഡിറ്റി കാർഡ് വിതരണം ചെയ്യൽ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ.

ഈ പദ്ധതിയ്ക്കായി 2022-23 ലെ ബഡ്ജറ്റിൽ 3000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. **വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ ദേശീയ ദിന/വാരാചരണങ്ങൾ ഉൾപ്പെടെയുള്ള പ്രചാരണവും ഡോക്യുമെന്റേഷനും.**
**HA: 2235-02-103-59** **(വിഹിതം 60.00 ലക്ഷംരൂപ)**

ഭാരത സർക്കാരിന്റെ വനിത ശിശു വികസന മന്ത്രാലയത്തിലൂടെയുള്ള വിവിധ സാമൂഹ്യനിയമങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന നോഡൽ വകുപ്പാണ് വനിത ശിശു വികസന വകുപ്പ്. എന്നാൽ ഭൂരിപക്ഷം ജനങ്ങളും വകുപ്പിലൂടെ നടപ്പാക്കുന്ന സേവനങ്ങളെക്കുറിച്ച് അജ്ഞരാണ്. അതിനാൽ ഈ വകുപ്പിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളെക്കുറിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയും ഡിജിറ്റൽ, സാമൂഹ്യ

മാദ്ധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിലെ പ്രധാന ദിനങ്ങളും ആഴ്ച്ചകളും വകുപ്പ് ആഘോഷിച്ച് വരുന്നു. വിദഗ്ദ പിന്തുണയോടെ IEC പദ്ധതി വികസിപ്പിക്കുന്നതിനുള്ള ചെലവ്, തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുക, അവകാശങ്ങളെക്കുറിച്ച് അറിവ് നല്കുന്നതിനായി റോഡ്ഷോകൾ നടത്തുക, പത്ര ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള പരിപാടികളും നയങ്ങളും പ്രചരിപ്പിക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇതിലേയ്ക്കുള്ള ചെലവുകൾക്ക് 2022-23ലെ ബഡ്ജറ്റിൽ **60.00 ലക്ഷം** രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതകളായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**7. ജെൻഡർ പാർക്ക്**

**H A 2235-02-103-80** **വിഹിതം (1000.00 ലക്ഷം രൂപ)**

ലിംഗ പദവി സമത്വത്തെക്കുറിച്ച് പഠിക്കുന്നതിനും ഗവേഷണ നടത്തുന്നതിനുമായി സംസ്ഥാന സർക്കാരും, അക്കാദമിക സമൂഹവും, പൊതു സമൂഹവും ഒന്നിക്കുന്ന ഒരു വേദിയായാണ് ജൻഡർ പാർക്കിനെ കേരള സർക്കാർ വിഭാവനം ചെയ്തത്. നൂതനവും നവീനവുമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ ശാക്തീകരണത്തിനും ലിംഗപദവി സമത്വത്തിനും നേരിട്ട് പിന്തുണയും ഇതിലൂടെ നൽകുന്നു. സമൂഹം അടിച്ചേൽപ്പിക്കുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ അതിരുകൾ മറികടക്കുന്നതിനും, സംസ്ഥാനത്തിന്റേയും രാജ്യത്തിന്റേയും സാമ്പത്തിക, സാംസ്കാരിക, സാമൂഹിക വിഷയങ്ങളിലേയ്ക്ക് സംഭാവന നൽകുന്നതിനും ട്രാൻസ് ജൻഡറുകൾ ഉൾപ്പടെയുള്ള എല്ലാ വിഭാഗക്കാർക്കും ജൻഡർ പാർക്ക് അനുയോജ്യമായ ഇടം നൽകുന്നു. ദക്ഷിണേന്ത്യൻ മേഖലയിലെ ലിംഗ പദവി സമത്വത്തിനായി തുല്യ പങ്കാളികളായി പ്രവർത്തിക്കുന്നതിന് 2020 ഡിസംബറിൽ ജൻഡർ പാർക്കും യു എൻ വുമണും തമ്മിൽ ധാരണാപത്രം ഒപ്പു വച്ചു. 2022-23 ൽ വിഭാവനം ചെയ്യുന്ന പദ്ധതി പ്രവർത്തങ്ങൾ ചുവടെ പറയുന്നു.

- ജൻഡർ പാർക്ക് ക്യാമ്പസിന്റെ ആദ്യഘട്ടത്തിന്റെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ
- അന്താരാഷ്ട്ര വനിതാ വിപണന കേന്ദ്രം
- IIGD വിമൺ ഇൻ സസ്റ്റൈനബിൾ എന്റർപ്രെണർഷിപ്പ് ഫെല്ലോഷിപ്പ് പ്രോഗ്രാം (WISE)
- കപ്പാസിറ്റി വികസന പരിപാടികൾ.
- ക്യാമ്പസിനു പുറത്തുള്ള പ്രവർത്തനങ്ങൾ, ഭരണചെലവുകൾ
- പൈതൃക മ്യൂസിയം (വിപുലീകരണം)
- ജൻഡർ ലൈബ്രറി, ഡോക്യുമെന്റേഷൻ സെന്റർ (വിപുലീകരണം)
- ജൻഡർ സംബന്ധിച്ച ഗവേഷണവും വികസനവും
- ലിംഗപദവി അവബോധം –സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയുള്ള ആശയവിനിമയം.
- ഇൻക്ലൂസീവ് ആർട്ട്- ആംഫി തീയേറ്റർ

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2022-23 ൽ 1000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**8. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് മാതൃക അങ്കണവാടികളുടേയും സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങളുടേയും (ശിശു സൗഹൃദപരമായതും നൂതനമായി രൂപകൽപ്പന ചെയ്യതും) നിർമ്മാണം.**

**HA : 4235-02-102-87** **(വിഹിതം : 1100.00 ലക്ഷം രൂപ)**

മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും, ഇ.സി.സി.ഇ പദ്ധതിക്കായുള്ള സൗകര്യങ്ങളും ഉള്ള പുതിയ തലമുറയിൽപ്പെട്ട അങ്കണവാടികൾ നിർമ്മിക്കാനാണ് 2020 ലെ പുതിയ വിദ്യാഭ്യാസ നയം വിഭാവനം ചെയ്യുന്നത്. ശിശു സൗഹൃദപരമായ ടോയിലെറ്റ്, ശിശു സൗഹൃദ പെയിന്റിംഗ്, ചുറ്റുമതിൽ, കളിസ്ഥലം എന്നിവ ഉൾപ്പെട്ട പുതിയ അങ്കണവാടി കെട്ടിട നിർമ്മാണവും നിലവിലുള്ള അങ്കണവാടികൾ ശിശു സൗഹൃദപരമായി നവീകരിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. നൂതനമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണവും വിഭാവനം ചെയ്യുന്നു. ഇതിൽ ക്ലാസ്റൂം, അടുക്കള, ക്രിയേറ്റീവ് സോൺ, ഡൈനിംഗ് ഏരിയ,ഔട്ട് ഡോർ, ഇൻ ഡോർ പ്ലേ ഏരിയ, വാഷ്റൂം എന്നിവ ഉൾപ്പെടുന്നു. സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് വിവിധ തരം പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വിസ്തൃതി അനുസരിച്ച് നിശ്ചിത തുക വകുപ്പ് നൽകുകയും ബാക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും കണ്ടെത്തേണ്ടതുമാണ്.

അങ്കണവാടികളുടേയും സ്മാർട്ട് അങ്കണവാടികളുടേയും നിർമ്മാണവും പുനരുദ്ധാരണവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി 2022-23 ൽ 1100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. നിർഭയ പദ്ധതി (അഭയ കേന്ദ്രങ്ങളുടെയും വൺസ്റ്റോപ്പ് കേന്ദ്രങ്ങളുടെയും നിർമ്മാണം.)**

**HA: 4235-02-103-99** **(വിഹിതം : 150.00 ലക്ഷം രൂപ)**

14 ജില്ലകളിലായി, 16 വനിതാശിശു ഹോമുകളും 14 വൺ സ്റ്റോപ് കേന്ദ്രങ്ങളും 1 ആഫ്റ്റർ കെയർ ഹോമും, 1 മെന്റൽ ഹെൽത്ത് ഹോമും നിർഭയ സെൽ നിർമ്മിച്ചിട്ടുണ്ട്. പീഢനത്തിന് വിധേയരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിലും വരുമാനദായക മാർഗ്ഗങ്ങളും കണ്ടെത്താൻ വേണ്ടിയുള്ള ജീവിത നൈപുണ്യ വിദ്യാഭ്യാസം ഈ കേന്ദ്രങ്ങളിലൂടെ സ്ത്രീകൾക്ക് നൽകുന്നതാണ്. മാതൃകാ വനിതാ ശിശു ഭവനങ്ങളുടെ നിർമ്മാണത്തോടൊപ്പം നടന്നുവരുന്നതും പുതിയതുമായ നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനവും വൺ സ്റ്റോപ്പ് കേന്ദ്രങ്ങളുടെ നിർമ്മാണവും ഈ പദ്ധതിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലായി വനിത ശിശുഭവനങ്ങളും കൂടാതെ പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി ഒരു ഭവനം തൃശ്ശൂരിൽ വിഭാവനം ചെയ്യുന്നു.

ഈ പദ്ധതിക്കായി 2022-23 -ൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. വനിതാ ശിശു വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി സർക്കാർ എൻ.ജി.ഒ കൂട്ടുകെട്ട്-**

**HA: 2235-02-103-58** **(വിഹിതം : 30.00 ലക്ഷം രൂപ)**

ലൈംഗീകാതിക്രമങ്ങൾക്കിരയായിട്ടുള്ളതും, ഗാർഹിക പീഡനത്തിന് ഇരയായിട്ടുള്ളതുമായ കുട്ടികൾ, സ്ത്രീകൾ, പെൺകുട്ടികൾ എന്നിവരുടേയും, പരിഗണനയും

നിയമസംരക്ഷണവും ആവശ്യമുള്ള കുട്ടികളുടേയും (CNCP) നിയമപ്രശ്നങ്ങളുള്ള കുട്ടികളുടേയും (CCL) പരിചരണത്തിനായി വനിതാ ശിശു വകുപ്പ് വളരെയധികം ക്ഷേമസ്ഥാപനങ്ങൾ നടത്തുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പലപ്പോഴും വിവിധ തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. ഈ രംഗത്ത് എടുത്ത് പറയത്തക്ക സേവനങ്ങൾ സർക്കാർ നൽകുന്നുണ്ട്. ക്ഷേമസ്ഥാപനങ്ങളുടെ ആവശ്യം ഇപ്പോൾ കൂടുതലായതിനാൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിചരണ സ്ഥാപനങ്ങൾ ആവശ്യത്തിനില്ലാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യം കണക്കിലെടുത്ത് സർക്കാർ എൻ.ജി.ഒ കൂട്ടുകെട്ടിൽ ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാനുള്ള നയരൂപീകരണത്തിന് ലക്ഷ്യമിടുന്നു. സർക്കാരും പൊതുസമൂഹവും തമ്മിലുള്ള കുറ്റമറ്റ സംയോജനത്തിനും സ്തുത്യർഹമായ കൂട്ടുകെട്ടിനും രൂപം കൊടുക്കുക എന്നതാണ് എൻ.ജി.ഒ ചട്ടക്കൂട് കൊണ്ട് ഉദ്ദേശിക്കുന്നത്. എൻ ജി ഒ മുഖേന സ്ഥാപനങ്ങളുടെ നടത്തിപ്പിനോ, JJ ആക്റ്റ് പ്രകാരം എൻ.ജി.ഒ ഹോമുകൾക്ക് ഗ്രാന്റ് ആയോ ഈ തുക ഉപയോഗിക്കാവുന്നതാണ്. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സാമൂഹ്യാധിഷ്ഠിത സേവനങ്ങൾ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ഗവേഷണവും ഡോക്യുമെന്റേഷനും, JJ ആക്റ്റ് പ്രകാരം വനിതകൾക്കും ശിശുക്കൾക്കും സേവനം നൽകുന്ന എൻ.ജി.ഒ.കൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനും, അവിവാഹിതരായ അമ്മമാർക്ക് പുതിയ ഹോം തുടങ്ങുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

2022-23 ൽ 30.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതകളായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**11. ശിശുക്കൾക്കുള്ള ആദ്യത്തെ ആയിരം ദിവസ പരിപാടി**

**HA-2235-02-102-50 (വിഹിതം :350 ലക്ഷം രൂപ)**

സ്ത്രീകളുടെ ഗർഭധാരണത്തിന്റെയും (270 ദിവസം) കുട്ടികളുടെ രണ്ടാം ജന്മദിനത്തിന്റെയും (730 ദിവസം) ഇടയിലുള്ള ആദ്യ ആയിരം ദിവസങ്ങൾ കുട്ടികളുടെ ജീവിതത്തിലെ വളരെ സങ്കീർണ്ണവും നിർണ്ണായകവുമായ കാലഘട്ടമാണ്. ഗർഭകാലത്തുണ്ടാകുന്ന പോഷകാഹാരക്കുറവ് കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയെയും വികാസത്തെയും സാരമായി ബാധിക്കുന്നു. ഗർഭാവസ്ഥയിൽ പോഷകാഹാരക്കുറവുള്ള കുട്ടി, ശൈശവത്തിൽ തന്നെ മരിക്കുന്നതിന് കാരണമാകുകയും ജീവിതകാലം മുഴുവൻ മാരകമായ ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുണ്ടാകാനും കാരണമാകുന്നു. കുട്ടികളിലെ പോഷകാഹാരക്കുറവ് ജീവനുതന്നെ ഭീഷണിയാകുന്നു. ഇത് കുട്ടിയുടെ പ്രതിരോധ ശക്തിയെ കുറയ്ക്കാനും സാധാരണ രോഗങ്ങളായ ന്യൂമോണിയ, വയറിളക്കം എന്നീ രോഗങ്ങൾ ബാധിച്ച് അപകടത്തിൽപെടാനും ഇടയാകുന്നു.

കുട്ടിയുടെ ആദ്യ 1000 ദിവസങ്ങളിൽ അനുയോജ്യമായ വളർച്ചയും വികസനവും ഉറപ്പാക്കുന്നതിനായി അമ്മയുടെ ആരോഗ്യത്തിനും ക്ഷേമത്തിനും പ്രത്യേക ഊന്നൽ നൽകേണ്ടതാണ്. ശിശുക്കളുടെ ശരിയായ വികാസത്തിന്, ആദ്യത്തെ ആയിരം ദിവസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് .വിവാഹത്തിനുമുമ്പായി യുവതീയുവാക്കൾക്കു കൗൺസിലിംഗ് നൽകൽ , ഗർഭധാരണത്തിനു മുൻപുള്ള ഫോളിക്കാസിഡ് സപ്ലിമെന്റേഷൻ, ശരിയായ പോഷകാഹാരം, മുലയൂട്ടലിന്റെ പ്രാധാന്യം പ്രതിരോധ കുത്തിവെയ്പ്, കുട്ടികൾക്ക് 6 മാസം പ്രായത്തിൽ അനുയോജ്യമായ മറ്റു പൂരക പോഷകാഹാരങ്ങൾ മുതലായവയാണ് ഈ പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള പരിപാടികൾ. മാതൃ മരണ നിരക്കും ശിശുമരണ നിരക്കും കുറക്കുന്നതിൽ പദ്ധതി വിജയിച്ചതിനാൽ, സംസ്ഥാനത്തെ തീരദേശ മലയോര മേഖലകളിലെ തെരെഞ്ഞെടുത്ത 28 ഐ.സി.ഡി.എസ് പദ്ധതികളിലേക്ക് കൂടി വ്യാപിപ്പിച്ചു.

2022-23 ൽ കൂടുതൽ തീരദേശ, മലയോര മേഖലകളിലെ ICDS പ്രോജക്ടുകളിലെക്ക് കൂടി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു .

കുട്ടികളിലെ പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള ഒരു നയമാണ് ഫുഡ് ഫോർട്ടിഫിക്കേഷൻ. 2018-19 ൽ അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോന്യൂട്രിയൻറ് ഫോർട്ടിഫിക്കേഷൻ സംസ്ഥാനമാകെ വ്യാപിപ്പിച്ചു. ഇത് 2022-23 ലും തുടരുന്നതാണ്. ഇതു കൂടാതെ, പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പ്രീസ്കൂൾ കുട്ടികൾക്കുള്ള റൈസ് ഫോർട്ടിഫിക്കേഷൻ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയെ സംബന്ധിച്ച ബോധവൽക്കരണം, അവലോകനം, വിലയിരുത്തൽ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്കായി 2022-23 ബഡ്ജറ്റിൽ 350.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**12. അങ്കണവാടി കേന്ദ്രങ്ങളും ക്രഷും**

**H/A: 2235-02-102-42** **(വിഹിതം : 116.00 ലക്ഷം രൂപ)**

കേരളത്തിലെ നഗര പ്രദേശങ്ങളിൽ (മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ) അങ്കണവാടി സെൻററുകൾ അടുത്തടുത്തായാണ് കാണപ്പെടുന്നത്. ഇവിടെ അങ്കണവാടികളുടെ പരിധിയിൽ വരുന്ന പ്രദേശം വളരെ പരിമിതമാണ്. കൂടാതെ ഗുണഭോക്താക്കൾ ഈ അങ്കണവാടികളിൽ നിന്ന് വളരെ അകലെയുമല്ല. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ അങ്കണവാടി കേന്ദ്രങ്ങളെ സംയോജിപ്പിച്ച് രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ ഷിഫ്റ്റുകളായി പ്രവർത്തിക്കുന്ന അങ്കണവാടി കേന്ദ്രങ്ങളായി മാറ്റാൻ ഉദ്ദേശിക്കുന്നു. ഈ അങ്കണവാടി കേന്ദ്രത്തിലെ ജീവനക്കാരെ സംയോജിത അങ്കണവാടി കേന്ദ്രത്തിലേയ്ക്ക് നിയോഗിക്കുകയും അവർക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യാവുന്നതുമാണ്. നാഷണൽ ക്രഷ് സ്കീമിലുൾപ്പെടുന്ന ക്രഷുകളും ഇതേ രീതിയിൽ അങ്കണവാടികളുമായി സംയോജിപ്പിക്കാവുന്നതാണ്. 3 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ക്രഷ് ആയും 3-6 വയസ്സു വരെയുള്ള കുട്ടികൾക്ക് പ്രീ സ്കൂൾ ആയും കൗമാരക്കാരായ പെൺകുട്ടികൾക്ക് സ്കൂൾ സമയം കഴിഞ്ഞ് ഒരു സുരക്ഷിത കേന്ദ്രമായും ഈ അങ്കണവാടി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതാണ്. ക്രഷിന്റെ പ്രവർത്തനത്തിനായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ക്രഷിലെ കുട്ടികളുടെ പോഷക ആവശ്യങ്ങൾക്കും തുക വകയിരുത്തേണ്ടതുണ്ട്.

അങ്കണവാടികൾ/ക്രഷുകൾ സംയോജിപ്പിക്കുന്നതിനു വേണ്ട ഭരണ ചെലവുകൾ, നാഷണൽ ക്രഷ് പദ്ധതിയിലുൾപ്പെട്ട വർക്കർമാർക്കും ഹെൽപ്പർമാർക്കുമുള്ള അലവൻസും ഹോണറേറിയവും, പ്രവർത്തന രഹിതമായ ക്രഷുകളുടെ പുനർമാറ്റം സംബന്ധിച്ച ചെലവുകൾ എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെടുന്നത്.

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2022-23 ൽ 116.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. അങ്കണവാടി പ്രവർത്തകർക്കുള്ള ട്രെയിനിംഗ്**

**HA: 2235-02-102-41** **(വിഹിതം : 150.00 ലക്ഷം രൂപ)**

അങ്കണവാടി വർക്കർമാരുടെ അഭാവത്തിൽ അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടി ആവശ്യമാണ് (ECCE പാഠ്യ പദ്ധതി അധിഷ്ഠിതമായ വിഷയങ്ങൾ) പദ്ധതി ലക്ഷ്യങ്ങൾ ഇവയെല്ലാമാണ്. (1) ദേശീയ വിദ്യാഭ്യാസ നയത്തിൽ നിഷകർഷിക്കുന്ന മാറ്റങ്ങൾ പ്രകാരം അങ്കണവാടി വർക്കർമാർക്ക് കഴിവ് വികസിപ്പിക്കുന്നതിനുള്ള പരിശീലനം (2) ട്രെയിനിംഗ് നീഡ് അനാലിസിസ് (3) പഠന സഹായി തയ്യാറാക്കൽ (4) അങ്കണവാടി ജീവനക്കാർക്കുള്ള പരിശീലനം, (5) പരിശീലകർക്കുള്ള പരിശീലനം. വനിതാ ശിശുവികസനവുമായി ബന്ധപ്പെട്ട് അംഗീകൃത യൂണിവേഴ്സിറ്റികളിലും സ്ഥാപനങ്ങളിലും സർട്ടിഫിക്കറ്റ് കോഴ്സ് ചെയ്യുന്നതിന് അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്കുള്ള കോഴ്സ് ഫീസും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. 2022-23 ൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**14 കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കുള്ള ജുവനൈൽ ജസ്റ്റിസ് ഫണ്ട്**

**HA: 2235-02-106-91** **(വിഹിതം : 10.00 ലക്ഷം രൂപ)**

ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾസിന്റെ റൂൾ (83) അനുസരിച്ച് ഈ നിയമത്തിന്റെയും റൂൾസിന്റെയും കീഴിൽ വരുന്ന കുട്ടികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഒരു ജുവനൈൽ ജസ്റ്റിസ് ഫണ്ട് സംസ്ഥാന സർക്കാർ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തികൾക്ക് തുക വിനിയോഗിക്കാവുന്നതാണ്. വിവിധ ശിശു സംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് വൈദ്യസഹായം, പ്രകൃതി ദുരന്തത്തിന് ഇരയായവർക്കുള്ള ധനസഹായം, ലൈംഗിക അതിക്രമത്തിനും മാനസിക പീഡനത്തിനും ഇരയായ കുട്ടികൾക്ക്, എച്ച്.ഐ.വി. ബാധിതരായ മാതാപിതാക്കൾ/മാനസിക വൈകല്യമുള്ള മാതാപിതാക്കൾ/കിടപ്പിലായ മാതാപിതാക്കൾ/മാരകമായ രോഗം ബാധിച്ച മാതാപിതാക്കളെ തുടങ്ങിയവരെ ആശ്രയിക്കുന്ന കുട്ടികൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ മക്കൾ, എയ്ഡ്സ്/എച്ച്.ഐ.വി. ബാധിതരായ കുട്ടികൾ, എപ്പിലെപ്സി, സെറിബ്രൽ പൾസി, ഓട്ടിസം ബാധിച്ച കുട്ടികൾ, മയക്കുമരുന്നിനടിമയായ കുട്ടികൾ, തട്ടിക്കൊണ്ടുപോകലിനിടയായ കുട്ടികൾ, താമസിക്കുന്നതിനായി ഭവനം ഇല്ലാത്ത കുട്ടികൾ, തെരുവു കുട്ടികൾ, ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികൾ, അപകടങ്ങൾ മൂലം ഗുരുതരമായ പരിക്കുകൾ അനുഭവിക്കുന്നവർ എന്നിവർക്കായി തുക വിനിയോഗിക്കാവുന്നതാണ്. ഇതുകൂടാതെ ജുവനൈൽ ജസ്റ്റീസ് ഫണ്ടിലേക്ക് ജനങ്ങളിൽ നിന്നുള്ള സംഭാവനയും സ്വീകരിക്കാമെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. വനിത ശിശു വികസന വകുപ്പ് ഈ ഫണ്ടിന്റെ നിർവ്വഹണ ഏജൻസി ആയി പ്രവർത്തിക്കും.

പദ്ധതി നടത്തിപ്പിനായി 2022-23 ൽ 10.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. അതിക്രമങ്ങൾക്കിരയായവർക്കുള്ള അടിയന്തിര ആശ്വാസ ഫണ്ട്**

**HA : 2235-02-103-57** **(വിഹിതം : 200.00ലക്ഷം രൂപ)**

ലൈംഗിക കുറ്റ കൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള ആക്രമം, ഗാർഹിക ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ പീഡിപ്പിക്കപ്പെട്ടവർക്ക പെട്ടെന്നുതന്നെ സഹായം നൽകേണ്ടത് അത്യാവശ്യമാണ്. വിക്റ്റിം കോമ്പൻസേഷൻ ഫണ്ടോ നിയമവ്യവസ്ഥകൾ പ്രകാരം നൽകുന്ന മറ്റ് ഏതെങ്കിലും നഷ്ടപരിഹാരമോ പരിഗണിക്കാതെ ഈ തുക അനുവദിക്കാവുന്നതാണ്. മേൽ വിഭാഗത്തിൽപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി നടപ്പാക്കുന്നതിന് 2022-23 -ൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ ഉൾപ്പെടെ കുട്ടികൾക്കായുള്ള നൂതന സംസ്ഥാന പദ്ധതികൾ**

**HA : 2235-02-102-36(1)** (വിഹിതം 500.00 ലക്ഷം രൂപ)

1. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) :- JJ ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനാവശ്യമായ നൂതന പരിപാടികൾ നടപ്പാക്കാനുദ്ദേശിച്ചുള്ള പദ്ധതിയാണിത്. ഐ.സി.പി.എസ്.ന്റെ ഒരു അവിഭാജ്യ ഘടകമാണ്. ഒ.ആർ.സി. കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തരവാദിത്വപ്പെട്ട വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ - വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശ ഭരണം, സിവിൽ സമൂഹം- എന്നിവരുടെ സ്കൂൾ അധിഷ്ഠിതമായ ഒരു കൂട്ടായ്മയുടെ ശ്രമമാണ് ഒ.ആർ.സി. ജീവിത നൈപുണ്യ വികസനം, സാമർത്ഥ്യത്തോടെ വളർത്തുക, ദുരിതങ്ങൾ പരിഹരിക്കുക, മെച്ചപ്പെട്ട ഉപദേശങ്ങൾ നൽകുക, മെച്ചപ്പെട്ട രക്ഷാകർതൃത്വം എന്നിവയിലൂടെ കുട്ടികളുടെ മെച്ചപ്പെട്ട സുരക്ഷിതത്വവും വികാസവും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- സ്വഭാവ രൂപീകരണം, വൈകാരികവും, സാമൂഹ്യപരവും ഉൾപ്പടെയുള്ള പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളുടെ കഴിവ് വികസനവും ഇടപെടലുകളും
- സ്മാർട്ട് 40 – ജീവിത നൈപുണ്യ പരിപാടി
- ഐ ഇ സി പ്രവർത്തനങ്ങൾ
- മേൽനോട്ടവും വിലയിരുത്തലും, മറ്റ് ചെലവുകൾ
- സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമായ കൂടുതൽ സ്കൂളുകളിലേക്ക് ORC വ്യാപിപ്പിക്കുക
- ഗവേഷണവും പഠനവും

- DRC-യിൽ കേസുകൾ കൈകാര്യം ചെയ്യുന്ന സൈക്കോളജിസ്റ്റിനും സൈക്യാട്രിസ്റ്റിനും ഹോണറേറിയം
- നൂതന പരിപാടികൾ, കമ്മ്യൂണിറ്റി അധിഷ്ഠിത ഇടപെടൽ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലേയും ആദിവാസി സെറ്റിൽമെന്റുകളിലേയും കുട്ടികളുടെ സമഗ്രമായ വികസനത്തിനും തുടർച്ചയായ ഇടപെടലുകൾ.
- ORC, DRC എന്നിവ എല്ലാ ജില്ലകളിലും സ്ഥാപിക്കുക.
- ORC യുടെ പ്രവർത്തങ്ങൾ യു പി വിഭാഗത്തിലേക്കു കൂടി വ്യാപിപ്പിക്കുക
- ഭരണനിർവഹണ ചെലവുകൾ

**II കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി**

**HA : 2235-02-102-36(2)** (വിഹിതം 1000. 00ലക്ഷം രൂപ)

**1 കാവൽ:- നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് സൈക്കോ സോഷ്യൽ കെയർ**

സംസ്ഥാനത്ത് നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ബാഗ്ലൂരിലെ നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ച പരിപാടിയാണിത്. ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കുവാനും പുന:സംയോജിപ്പിക്കാനുമുള്ള ഒരു സമ്പ്രദായമാണിത്. നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- ഭവന സന്ദർശനം, മാനസികാരോഗ്യം നിർണ്ണയിക്കൽ
- നിയമ പ്രശ്നങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് പേരന്റ് മാനേജ്മെന്റ് പ്രോഗ്രാം
- കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിംഗ്
- നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം
- ദീർഘകാല സംരക്ഷണം ആവശ്യമായ കുട്ടികൾക്ക് സൈക്കോ സോഷ്യൽ കെയർ തുടരുക.

**2 കാവൽ പ്ലസ് :-** (സുരക്ഷിതത്വവും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് സാമൂഹ്യാധിഷ്ഠിത പുനരധിവാസം) :- സുരക്ഷയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് ബയോ സൈക്കോ സോഷ്യോ കെയർ നൽകുക, മാനസിക സാമൂഹ്യ സുരക്ഷയും പിന്തുണയും സംരക്ഷണവും നൽകുക, പോക്സോ ഇരകളും ദുരിതാവസ്ഥയിലുള്ള മറ്റു കുട്ടികളും നിയമ പ്രശ്നങ്ങളിൽപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുക ഇവയെല്ലാമാണ് പദ്ധതിയുടെ ലക്ഷ്യം.

**3 നിനവ്**

**കുട്ടികളുടെയും, കൗമാരക്കാരുടെയും ആത്മഹത്യ തടയുന്നതിനുള്ള ആത്മഹത്യാ പ്രതിരോധ സെല്ലും ഗേറ്റ് കീപ്പേഴ്സ് സപ്പോർട്ട് പ്രോഗ്രാമും-** ആത്മഹത്യാ പ്രതിരോധ സെല്ലിനു കീഴിലുള്ള ആത്മഹത്യ പ്രതിരോധ പരിപാടിയാണ് 'നിനവ്', ശാസ്ത്രീയ

പഠനങ്ങൾ, ഗവേഷണങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്താനും കുട്ടികൾക്കിടയിൽ മെച്ചപ്പെട്ട മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെകുറിച്ച് അവബോധം പ്രചരിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ളതാണ് ആത്മഹത്യ പ്രതിരോധ സെൽ.

**4. ജെ ജെ ആക്ടിന്റെ കീഴിവ് വരുന്ന കുട്ടികളുടെ അനന്തര ശുശ്രൂഷ പിന്തുണ :-**

നിയമ പ്രശ്നങ്ങളുള്ള കുട്ടികൾക്കും, സുരക്ഷിതത്വവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും, വിഷമകരമായ സാഹചര്യങ്ങളിൽ ഉള്ള 18 വയസ്സ് പ്രായമായ കുട്ടികൾക്കും ധനസഹായം നൽകുന്നതിനും അവരെ സമൂഹത്തിലേക്ക് പുനസംയോജിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

5. **ശരണബാല്യം:-** ബാലവേല, ബാല ഭിക്ഷാടനം, മനുഷ്യക്കടത്ത്, തെരുവിൽ അലയുന്ന കുട്ടികൾ എന്നിവയിൽ നിന്നും മുക്തമായ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്ന പരിപാടി ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നു.

6. മാർഗ്ഗജ്യോതി:-

- ശിശുസംരക്ഷണ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി നൂതന പ്രൊജക്റ്റുകൾ നടപ്പിലാക്കുക.
- ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുക, ജീവിത നൈപുണ്യ വിദ്യാഭ്യാസം, ഐടി യും, കായിക ഉപകരണങ്ങളും അവാർഡുകളും സ്റ്റൈപൻഡുകളും
- കുട്ടികളുടെ സംസ്ഥാന/ജില്ലാ ടെസ്റ്റ് നടത്തുക
- സംസ്ഥാന സ്പോൺസർഷിപ്പ് പരിപാടികൾ-വിജ്ഞാന ദീപ്തി
- ജെ ജെ ഹോമിലെ അന്തേവാസികൾക്ക് ധനസഹായം നൽകുക, ശൈശവ ഭിക്ഷാടനം, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം എന്നിവ തടയുന്നതിനുള്ള പദ്ധതികൾ.
- പെൺകുട്ടികൾക്കുള്ള ജെ ജെ ഹോമുകൾ കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുക, സ്പെഷ്യലൈസ്ഡ് ദത്തെടുക്കൽ ഏജൻസികൾ സ്ഥാപിക്കുക, ഓപ്പൺ ഷെൽട്ടറുകൾ, പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കുള്ള ഭവനം.
- ശിശു സൗഹൃദ കോടതികൾ സ്ഥാപിക്കുക.
- കുട്ടികൾക്കായി എൻട്രി ഹോമുകൾ, സെക്കൻഡ് ലെവൽ ഹോമുകൾ സ്ഥാപിക്കുക.
- ലഹരി വിമോചന കേന്ദ്രം എന്നിവ ആരംഭിക്കുകയും, അവയുടെ നടത്തിപ്പും

7. കിൻഷിപ്പ് ഫോസ്റ്റർ കെയർ & ഗ്രൂപ്പ് ഫോസ്റ്റർ കെയർ

കുട്ടികളുടെ രക്ഷിതാവല്ലാത്ത എന്നാൽ കുട്ടിയുമായി കുടുംബ ബന്ധമുള്ള ബന്ധുക്കളോ, മറ്റുള്ളവരോ, ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്ന കുട്ടികൾക്ക് മുഴുവൻ സമയ പരിചരണം നൽകുന്നതിനു വേണ്ടിയാണിത്. കുട്ടികൾ സ്ഥാപനത്തിൽ തന്നെ താമസിക്കുന്നത് കുറയ്ക്കുന്നതിനും, കുട്ടികൾക്ക് കുടുംബാന്തരീക്ഷം ലഭ്യമാക്കുന്നതിനും അവരുടെ ബന്ധുക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ലക്ഷ്യമിടുന്നു.

**8. കരുതൽ സ്പർശം:-** ഉത്തരവാദിത്വപരമായി കുട്ടികളെ വളർത്തുന്നതിന് പുതുതായി ആരംഭിച്ച പദ്ധതിയാണിത്. ജില്ലാതലങ്ങളിലെ കൗൺസിലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. **പോക്സോ:-** പ്രസ്തുത നിയമവും ചട്ടവും ഫലപ്രദമായി നടപ്പാക്കത്തതിന്റെ ഭാഗമായി ലൈംഗികാതിക്രമത്തിനിരയായ കുട്ടികൾക്ക് എല്ലാ തരത്തിലുള്ള പിന്തുണയും പുനരധിവാസവും അത്യാവശ്യമാണ്. ഇവർക്ക് കേസും വിചാരണയും നടക്കുന്ന കാലയളവിൽ വിവിധ തരത്തിലുള്ള സഹായങ്ങൾ നൽകുന്നു. ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- വിവിധ ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി പ്രായത്തിനു അനുയോജ്യമായ പാഠ്യപദ്ധതിയും വിദ്യാഭ്യാസത്തിനുള്ള ഉപകരണങ്ങളും വികസിപ്പിക്കുക, വിവിധ സ്റ്റേക്ക് ഹോൾസേഴ്സിനുള്ള ഐ.ഇ.സി മെറ്റീരിയൽ, പുതുക്കിയ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ശിശു സംരക്ഷണ നയം വികസിപ്പിക്കുക.
- വിചാരണയുടെ ഘട്ടങ്ങളിൽ പരിഭാഷകരുടെ സഹായം, വിദഗ്ധർ, അദ്ധ്യാപകർ, സ്പെഷ്യൽ അദ്ധ്യാപകർ,തൊഴിൽ പരിശീലനം, പുനരധിവാസ പിന്തുണ എന്നിവ കുട്ടികൾക്ക് നൽകുന്നു.
- അടിയന്തിര സാഹചര്യങ്ങളിൽ ചികിത്സ സേവനങ്ങൾ യാത്ര ചെലവുകൾ , നിയമസഹായം എന്നിവ നൽകുന്നു.

**10. ശിശു മന്ദിരങ്ങളിൽ നിന്ന തിരിച്ചയയ്ക്കുന്ന കുട്ടികളുടെ പുനരധിവാസത്തിനായുള്ള അനന്തര ഹോമുകൾ**

കുടുംബമോ മറ്റ് പിന്തുണയോ ഇല്ലാതെ സ്ഥാപനത്തിലൂടെ സംരക്ഷണം ലഭിച്ച കുട്ടികൾക്ക് 18 വയസ് പ്രായമാകുന്ന മുറയ്ക്ക് സ്ഥാപനത്തിൽ നിന്നും സ്വതന്ത്ര ജീവിതം നയിക്കാൻ സാദ്ധ്യമാകുന്നതിനായി അനന്തര സംരക്ഷണ ഹോമുകൾ നടപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ കുട്ടികൾക്ക് അവരുടെ കഴിവിനനുസരിച്ച് നൈപുണ്യ വികസനം നൽകി പരിശീലിപ്പിക്കുകയും വകുപ്പിന്റെ

കീഴിലുള്ള  അനുയോജ്യമായ സ്ഥാപനങ്ങളിലും /കമ്പനികളിലും തൊഴിൽ നൽകാനും ഉദ്ദേശിക്കുന്നു.

11. **മറ്റ് പ്രവർത്തനങ്ങൾ**

- കരുതൽ, ദുരിത ബാധിതരായ കുട്ടികളുടെ ഡേറ്റ ബാങ്ക് ,സ്ഥാപനേതരവല്ക്കരണം
- കലകൾ, കായികം വിവര സാങ്കേതിക വിദ്യാ എന്നിവ ഉൾപ്പെടെ കുട്ടികൾക്കായി നൂതന പരിപാടികൾ  സ്ഥാപനങ്ങളിലേയ്ക്ക് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ
- അവാർഡുകൾ, സ്റ്റൈപന്റ്, കുട്ടികളുടെ ഫെസ്റ്റ്
- ജെ.ജെ ഹോം എല്ലാ ജില്ലയിലേയ്ക്കും വ്യാപിക്കൽ, പ്രത്യേക ദത്തെടുക്കൽ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കൽ.
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് ഹോം സ്ഥാപിക്കൽ, എൻട്രി ഹോമുകളും ,സെക്കന്റ് ലെവൽ ഹോമുകളും, കുട്ടികൾക്ക് ലഹരി വിമോചന കേന്ദ്രം, ജെ.ജെ ഹോം ചെലവുകൾ. DCPU ഓഫീസ്, സി.ഡബ്ലിയു.സി ജെ.ജെ.ബി,  പോക്സോ കോടതികൾ ശിശു സൗഹൃദമാക്കൽ.
- ഐ.ഇ.സി പ്രവർത്തനങ്ങൾ, പരിശീലനം, അഡ്വക്കസിയും, ബോധവല്ക്കരണ പരിപാടിയും, കുട്ടികളുടെ സംരക്ഷണത്തിനായി  പ്രചാരണം, മറ്റു പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട വിഷയത്തിൽ  ഗവേഷണം, ഡോക്യുമെന്റേഷൻ.
- കാവൽ എക്സിറ്റ് പ്ലാൻ, NGO കൾ മുഖേന മനുഷ്യ വിഭവ ശേഷി സൈക്കോ സോഷ്യൽ ഇടപെടലുകൾ.
- അമ്മത്തൊട്ടിൽ സ്ഥാപിക്കുക, അവയുടെ പരിപാലനവും
- കുട്ടികളുടെ വൾനറബിലിറ്റി മാപ്പിംഗ്
- അപകട സാധ്യതയുള്ള കുട്ടികൾക്ക് സുരക്ഷിതത്വത്തിനും പരിപോഷണത്തിനുമുള്ള അന്തരീക്ഷം  ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ.
- കുട്ടികളിലെ മയക്കുമരുന്നുപയോഗവും ലഹരി ഉപയോഗവും തടയുന്നതിനും ക്യാമ്പയിനുകളും പുനരധിവാസ  സൗകര്യങ്ങളും.
- ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ പുനരധിവാസത്തിനുള്ള നൂതന പരിപാടികൾ
- ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും പഠനങ്ങളും.
- CDS, DCPU, CWC, JJB, ചൈൽഡ് കെയർ സ്ഥാപനങ്ങൾ, മറ്റു JJ സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവർക്കായുള്ള പരിശീലനങ്ങൾ/വർക്ക് ഷോപ്പുകൾ/അവലോകന യോഗം

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 1500.00 ലക്ഷം രൂപ 2022-23 ൽ വകയിരുത്തിയിരിക്കുന്നു.

**17 അങ്കണവാടി കെട്ടിട നിർമ്മാണവും നവീകരണവും**

**HA : 4235-02-102-96 (വിഹിതം - 200.00 ലക്ഷം)**

2016-2017 മുതൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് വ്യത്യസ്ത യൂണിറ്റ് കോസ്റ്റിൽ അനുമതി നൽകി വരുന്നു. നേരത്തെ അനുമതി നൽകിയ പ്രവർത്തികൾ പൂർത്തീകരിക്കാത്തതിനാൽ, അവയുടെ പൂർത്തീകരണത്തിനായി 2022-23 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

**18. പ്രളയത്തിൽ കേട്ടുപാട്ടുകൾ സംഭവിച്ച അങ്കണവാടികളുടെ പുനരുദ്ധാരണം**

**HA-4235-02-102-86 ( വിഹിതം: 20.00 ലക്ഷം രൂപ)**

പ്രകൃതി ദുരന്തത്തിൽ നാശം സംഭവിച്ച അങ്കണവാടി കേന്ദ്രങ്ങളുടെ പുനർ നിർമ്മാണം നടത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി 2022-23 ൽ 20.00 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നു.

**19. പിണറായി ഗ്രാമ പഞ്ചായത്തിൽ അപെക്സ് പരിശീലന കേന്ദ്രം സ്ഥാപിക്കൽ**

**HA-2235-02-102-27 (വിഹിതം: 100.00 ലക്ഷം രൂപ)**

ഐ.സി.ഡി.എസ് പദ്ധതിയും, അനുബന്ധ പദ്ധതികളും കൃത്യമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഐ.സി.ഡി.എസ് പ്രവർത്തകർക്കും ICDS സൂപ്പർവൈസർമാർക്കും പരിശീലനം നൽകുന്നതിനും, അതുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുമായി പിണറായിലെ പരിശീലന കേന്ദ്രം അപെക്സ് ട്രെയിനിംഗ് സെന്റർ ആയി മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. സംസ്ഥാന തലത്തിലുള്ള അപെക്സ് പരിശീലന കേന്ദ്രവും ബാലഭവനും സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരേ സമയം ഒന്നിൽ കൂടുതൽ പരിശീലന പരിപാടികൾ നടത്തുക, മെച്ചപ്പെട്ട സേവനങ്ങൾ, കഴിവു വർദ്ധിപ്പിക്കുക, പാഠ്യപദ്ധതിക്ക് പുറമെയുള്ള പ്രവർത്തികളിൽ കുട്ടികൾക്ക് പരിശീലനം നൽകുക, ഉയർന്ന ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും, എല്ലാ വിഭാഗത്തിലുമുള്ള പരിശീലകർക്കുള്ള പരിശീലനവും നൽകുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഈ പദ്ധതിയ്ക്കായി 2022-23 ൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

20. **എന്റെ കൂട്**

**HA-2235-02-101-75** **(വിഹിതം: 50.00 ലക്ഷം രൂപ)**

തിരുവനന്തപുരത്തും കോഴിക്കോട്ടും ആണ് എന്റെ കൂട് പ്രവർത്തിക്കുന്നത്. നഗരത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും (12 വയസ്സിന് താഴെയുള്ള ആൺ കുട്ടികൾ) രാത്രിയിൽ സൗജന്യമായി അഭയം നൽകുന്നതിനായുള്ള പദ്ധതിയാണിത്. രാത്രി 8 മണിവരെ വരുന്നവർക്ക് സൗജന്യ ഭക്ഷണം നൽകുന്നു. 2022-23 ൽ ഈ പദ്ധതി എറണാകുളത്ത് ആരംഭിക്കാൻ ലക്ഷ്യമിടുന്നു. 2022-23 ൽ പദ്ധതി നടത്തിപ്പിനായി 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

21. **കൈത്തിരി നാളം**

**HA-2235-02-103-53** **(വിഹിതം: 10.00 ലക്ഷം രൂപ)**

2005 ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം പ്രകൃതി ദുരന്തം നേരിടുന്ന വ്യക്തികൾക്ക് സഹായവും സംരക്ഷണവും നൽകാനുള്ള പ്രാഥമിക ഉത്തരവാദിത്വം സംസ്ഥാനത്തിനാണ്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷക്കും സ്വകാര്യതയ്ക്കും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കൂടാതെ ഭക്ഷണം, പാർപ്പിടം, വസ്ത്രം, ശുചിത്വവൽക്കരണം, വൈദ്യസഹായം, വിദ്യാഭ്യാസ ആവശ്യങ്ങൾ, കൗൺസിലിംഗ് തുടങ്ങിയവയുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വനിത ശിശു വികസന വകുപ്പ് മറ്റു വകുപ്പുകളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ ദുരന്ത ബാധിതർക്ക് സഹായം ഉറപ്പാക്കേണ്ടതാണ്. ഈ പദ്ധതി നടത്തിപ്പിനായി 2022-23 ൽ 10.00 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

22. **വനിതകൾക്ക് നൈപുണ്യ വികസന പരിശീലനവും തൊഴിലും**

HA -2235-02-103-51 **(വിഹിതം: 1.00 ലക്ഷം രൂപ)**

രാജ്യത്ത് സുസ്ഥിര വികസനം കൈവരിക്കുന്നതിന് നമ്മുടെ സമൂഹത്തിൽ വനിത ശാക്തീകരണവും ലിംഗപദവി സമത്വവും അത്യാന്താപേക്ഷിതമാണ്. നൈപുണ്യ വികസനത്തിലൂടെയും ഗുണപരമായ വിദ്യാഭ്യാസത്തിലൂടെയും സ്ത്രീകളെയും കുട്ടികളെയും ശാക്തീകരിക്കേണ്ടതാണ്. നൈപുണ്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

- സ്ത്രീകളിലെ നൈപുണ്യത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും മഹിളാ ശക്തികേന്ദ്രവുമായി സംയോജിപ്പിച്ചുകൊണ്ട് നൈപുണ്യകേന്ദ്രങ്ങൾ
- സർക്കാർ മേഖലയിലെയും സ്വകാര്യമേഖലയിലെയും മറ്റ് നൈപുണ്യ ഏജൻസികളുമായി (കെഡിസ്ക്, കെയ്സ്, കുടുംബശ്രീ) സഹകരിക്കുക

- വ്യവസായ വകുപ്പും കിൻഫ്രയുമായി സംയോജിച്ച് സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ
- ഈ മേഖലയിലുള്ള മറ്റ് ഏജൻസികളുമായി സഹകരിച്ച് സ്ത്രീകൾക്കായി തൊഴിൽ മേള സംഘടിപ്പിക്കുക.
- മറ്റു സർക്കാർ വകുപ്പുകളും ഏജൻസികളുമായി സഹകരിച്ച് വനിത തൊഴിൽ പോർട്ടൽ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.

  പദ്ധതി പ്രവർത്തനങ്ങൾക്കായി 2022-23 -ൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**23. അങ്കണവാടികളിലെ മെനുവിൽ മുട്ടയും പാലും ഉൾപ്പെടുത്തുക (പുതിയ പദ്ധതി)**

**HA: 2**235-02-102-22 **(വിഹിതം-6150.00 ലക്ഷം രൂപ)**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം വളരെ ആശങ്കയുണ്ടാക്കുന്നു. വളർച്ച മുരടിച്ച കുട്ടികളുടെ എണ്ണം 23.4 ശതമാനമായും, ഭാരക്കുറവുള്ള കുട്ടികളുടേത് 19.7% ശതമാനമായും ഉയർന്നു എന്നാണ് NFHS-5 ഡാറ്റാ പ്രകാരമുള്ള കുട്ടികളുടെ പോഷകാഹാര നിലവാരം സൂചിപ്പിക്കുന്നത്. ഈ പോരായ്മകൾ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനും, അങ്കണവാടി കുട്ടികൾക്ക് ആഴ്ച്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി 2022-23 ബഡ്ജറ്റിൽ 6150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

24. **കോവിഡ് -19 മഹാമാരി മൂലം അനാഥരായ കുട്ടികൾക്ക് സഹായം (പുതിയ പദ്ധതി)**

**HA** 2235-02-102-21 **(വിഹിതം-200.00 ലക്ഷം രൂപ)**

കോവിഡ്-19 മൂലം മാതാപിതാക്കളിൽ ഒരാളേയോ അല്ലെങ്കിൽ ഇരുവരേയും നഷ്ടപ്പെട്ട കുട്ടികളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജിൽ ഇനി പറയുന്നവ ഉൾപ്പെടുന്നു- (1) കുട്ടിയുടെ പേരിൽ 3.00 ലക്ഷം രൂപ നിക്ഷേപിക്കുന്നതാണ് (2) ഓരോ കുട്ടിക്കും 18 വയസ്സ് തികയുന്നതുവരെ പ്രതിമാസം 2000/- രൂപ അനുവദിക്കുന്നതാണ് (3) മറ്റേതെങ്കിലും അടിയന്തിര സഹായം ആവശ്യമായി വരുന്നവ. പദ്ധതി തുടരുന്നതിന് 2022-23 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

**1 . സംയോജിത ശിശു സംരക്ഷണ പദ്ധതി (60% കേന്ദ്ര വിഹിതം)**

**Head of Account: 2235-02-102-61 (1 )** **(കേന്ദ്രവിഹിതം: 1950.00 ലക്ഷം രൂപ)**
**Head of Account 2235-02-102-61 (2 )** **(സംസ്ഥാനവിഹിതം:1300.00 ലക്ഷം രൂപ)**
**( ആകെ 3250.00 ലക്ഷം രൂപ)**

കുട്ടികളെ ഫലപ്രദമായും കാര്യപ്രാപ്തിയോടെയും സംരക്ഷിക്കുന്നതിനായി 'കുട്ടികളുടെ അവകാശ സംരക്ഷണം', 'കുട്ടികളുടെ താത്പര്യം' എന്നീ മൗലിക തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു സമ്പ്രദായം യാഥാർഥ്യമാക്കാനുള്ള സർക്കാരിന്റെ പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. ദുർബ്ബല സാഹചര്യങ്ങളിൽ നിന്നുള്ളവരും, ദുരിതം അനുഭവിക്കുന്നവരുമായ കുട്ടികൾക്ക് സർക്കാരിന്റേയും സമൂഹത്തിന്റേയും പങ്കാളിത്തത്തോടെ സുരക്ഷിത പരിസ്ഥിതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രവർത്തനങ്ങൾ നടപ്പാക്കാനായി വിവിധ ഘടകങ്ങൾ ICPSൽ ഉൾപ്പെടുന്നു. (1) സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി. (2) ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് (3) ശിശു ക്ഷേമ കമ്മിറ്റികൾ (4) ജുവനൈൽ ജസ്റ്റിസ് ബോർഡ് (5) ജെ.ജെ.ആക്ട് 2015 പ്രകാരമുള്ള ശിശുക്കൾക്കായുള്ള സ്ഥാപനങ്ങൾ (6) സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളായി പ്രവർത്തിക്കുന്നു. അത്യാവശ്യ സേവനങ്ങളെ സ്ഥാപനവൽക്കരിക്കുന്നതിനും കഴിവുകൾ വിവിധ തലത്തിൽ വികസിപ്പിക്കുന്നതിനും , ശിശു സംരക്ഷണ സേവനങ്ങൾക്കായി ഡേറ്റാ ബേസ് രൂപീകരിക്കുന്നതിനും, കുടുംബത്തിലും സമൂഹത്തിലും കുട്ടികളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും, എല്ലാതലങ്ങളിലും അനുയോജ്യമായ ഇന്റർ സെക്ടറൽ റെസ്പോൺസ് ഉറപ്പ് വരുത്തുക തുടങ്ങിയവ നടപ്പാക്കാനുദ്ദേശിക്കുന്നു. ഫലപ്രദമായ ഇടപെടലുകൾ രൂപീകരിക്കാനും നടപ്പാക്കാനും അനന്തര ഫലങ്ങൾ നിരീക്ഷിക്കുന്നതിനുമായി ശിശു സുരക്ഷ ഡേറ്റാ മാനേജ്മെന്റ് സിസ്റ്റവും വിഭാവനം ചെയ്യുന്നു. NGO ഹോമുകൾക്കുള്ള സഹായവും ICPS മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ ഘടകങ്ങളും പദ്ധതിയിലെ മറ്റു പ്രവർത്തനങ്ങളാണ്.

ഈ പദ്ധതി നടപ്പിലാക്കാനുള്ള ചെലവ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. 2022-23 ൽ 3250.00 ലക്ഷം രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിരിക്കുന്നു.

**2. ഐ.സി.ഡി.എസ് പരിശീലന പരിപാടി (60% കേന്ദ്ര വിഹിതം)**

**Head of Account 2235-02-102-44(1)** **(കേന്ദ്രവിഹിതം: 180.00 ലക്ഷം രൂപ)**
**Head of Account 2235-02-102-44(2)** **(സംസ്ഥാനവിഹിതം:120.00 ലക്ഷം രൂപ)**
**(ആകെ : 300.00 ലക്ഷം രൂപ)**

സാമൂഹിക പരിവർത്തനത്തിന് സഹായകമാകുന്ന രീതിയിൽ ഐ.സി.ഡി.എസിന്റെ എല്ലാ പ്രവർത്തകരേയും പ്രാപ്തരാക്കുക എന്നതാണ് ഐ.സി.ഡി.എസ് പരിശീലന പരിപാടിയുടെ ലക്ഷ്യം. ശൈശവ കാല പരിചരണത്തിന്റെയും, വികസനത്തിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ICDS ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന ഈ പരിശീലന പരിപാടി ദേശീയതലത്തിൽ ആരംഭിച്ച ഒരു സംരംഭമാണ്. നിലവിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ആയി ഒരു മിഡിൽ ലെവൽ പരിശീലന കേന്ദ്രവും അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് 12 പരിശീലന കേന്ദ്രങ്ങളും ഒരു എൻ.ജി.ഒ യുടെ കീഴിൽ പ്രവർത്തിക്കുന്നു. കേന്ദ്രസർക്കാരിന്റെ അനുമതിക്കും കേന്ദ്ര വിഹിതം അനുവദിക്കുന്നതിനുമായി എല്ലാ വർഷവും സംസ്ഥാന പരിശീലന ആക്ഷൻ പ്ലാൻ (STRAP) തയ്യാറാക്കി കേന്ദ്രസർക്കാരിന് നൽകാറുണ്ട്. ICDS സൂപ്പർവൈസർമാർക്കും അങ്കണവാടി ജീവനക്കാർക്കും ജോലി സംബന്ധമായും റിഫ്രഷർ പരിശീലനത്തിനായും , കേന്ദ്ര സംസ്ഥാന വിഹിതമായി 300 ലക്ഷം രൂപ 2022-23 ൽ വകയിരുത്തിയിരിക്കുന്നു.

**3. പ്രധാനമന്ത്രി മാതൃവന്ദന യോജന (60 ശതമാനം കേന്ദ്ര വിഹിതം)**

**Head of Account 2235-02-103-56(1)** **(കേന്ദ്ര വിഹിതം: 4500.00 ലക്ഷം രൂപ)**
**Head of Account 2235-02-103-56(2)** **(സംസ്ഥാനവിഹിതം:3000.00 ലക്ഷം രൂപ)**
**(ആകെ : 7500.00 ലക്ഷം രൂപ)**

ഗർഭിണികൾ പാലൂട്ടുന്ന അമ്മമാർ എന്നിവർക്കായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സ്ത്രീകളുടെ ഗർഭകാല ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. പ്രസ്തുത കാലയളവിൽ അവർക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന് പരിഹാരമായി ധനസഹായം നൽകുന്നതു വഴി, പ്രസവത്തിനു മുമ്പും പിൻപും മതിയായ വിശ്രമം ലഭിക്കുന്നു. ഗുണഭോക്താക്കളുടെ ആദ്യത്തെ കുട്ടിക്ക് മാത്രം 5000/- രൂപ ധനസഹായം ലഭിക്കുന്നതാണ്. (1) ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ധന സഹായം നൽകുക (2) പി.എം.എം.വി.വൈ സെല്ലിന്റെ സംസ്ഥാന ജില്ലാതലത്തിലുള്ള പ്രവർത്തന ചെലവുകൾ (3) ഫ്ലെക്സി ഫണ്ടിന്റെ കീഴിലുള്ള ഐ.ഇ.സി പ്രവർത്തനങ്ങൾ എന്നിവയാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2022-23 ബഡ്ജറ്റിൽ 7500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**4. എം.ജി.എൻ.ആർ.ഇ.ജി. എ-യുമായി ചേർന്നുള്ള അങ്കണവാടി നിർമ്മാണം**

**(60 ശതമാനം കേന്ദ്ര വിഹിതം)**

**Head of Account 4235-02-102-89(1)** **(കേന്ദ്ര വിഹിതം: 0.90 ലക്ഷം രൂപ)**
**Head of Account 4235-02-102-89(2)** **(സംസ്ഥാനവിഹിതം: 0.60 ലക്ഷം രൂപ)**
**(ആകെ : 1.50 ലക്ഷം രൂപ)**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ഒരു അങ്കണവാടിക്ക് 2.00 ലക്ഷം രൂപ എന്ന നിരക്കിൽ, അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നു. 2022-23 ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 1.50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**5 കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള പദ്ധതി**

**(50 ശതമാനം CSS )**

**Head of Account : 2235-02-102-40(1)** **(കേന്ദ്ര വിഹിതം: 25.00 ലക്ഷം രൂപ)**
**Head of Account : 2235-02-102-40(2)** **(സംസ്ഥാനവിഹിതം: 25.00 ലക്ഷം രൂപ)**

**(ആകെ : 50.00 ലക്ഷം രൂപ)**

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷകാഹാര നിലവാരവും നൈപുണ്യ വികസനവും മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. (മുൻപുണ്ടായിരുന്ന സബല പദ്ധതിക്കു പകരം) മാനസികമായും, വൈകാരികമായും, മനശാസ്ത്രപരമായും പ്രാധാന്യമേറിയ ഘട്ടമാണ് ശൈശവത്തിനും സ്ത്രീത്വത്തിനും ഇടയിലുള്ള കാലഘട്ടം. മനുഷ്യ വിഭവ വികസനത്തെ ലക്ഷ്യം വെച്ചുള്ള വികസന പരിപാടികളിൽനിന്നു കൗമാരക്കാരായ പെൺകുട്ടികളെ മാറ്റി നിർത്തിയാൽ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള ലൈഫ് സൈക്കിൾ അപ്രോച്ച് പൂർണ്ണമാകില്ല. സ്കൂളിൽ പോകാത്ത 11 മുതൽ 14 വയസ്സു വരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളെ ലക്ഷ്യം വെച്ച് രൂപീകരിച്ച പദ്ധതിയാണിത്. പോഷകാഹാര പരിപാടികളിൽപ്പെടാത്ത പ്രവർത്തനങ്ങളും പദ്ധതിയിൽപ്പെടുന്നു.

ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2022-23ൽ 50.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

1. കൗമാരപ്രായക്കാരായ പെൺകുട്ടികളെ സ്വയം പ്രാപ്തരാക്കുക. അവരുടെ ശാക്തീകരണം
2. പോഷകാഹാരവും, അരോഗ്യ പരിപാലനവും
3. ആരോഗ്യം, ശുചിത്വം, എന്നിവയെപ്പറ്റിയുള്ള അവബോധം

4. ജീവിത നൈപുണ്യം, തൊഴിൽ നൈപുണ്യം, എന്നിവ മെച്ചപ്പെടുത്തുക.
5. സ്കൂളിൽ പോകാത്ത കൗമാരക്കാരായ പെൺകുട്ടികൾക്ക് ഫോർമൽ/നോൺ ഫോർമൽ വിദ്യാഭ്യാസം നൽകുക
6. പി. എച്ച്.സി., സി.എച്ച്.സി., പോസ്റ്റ് ഓഫീസ്, ബാങ്ക്, പോലീസ് സ്റ്റേഷൻ തുടങ്ങിയ പൊതുസേവനങ്ങളെക്കുറിച്ചുള്ള വിവരവും ഉപദേശവും നൽകുക.

**6 സ്വാധാർ ഗ്രഹ് (60 ശതമാനം CSS)**

**Head of Account : 2235-02-103-65(1) (കേന്ദ്ര വിഹിതം: 72.00 ലക്ഷം രൂപ)**
**Head of Account : 2235-02-103-65(2) (സംസ്ഥാനവിഹിതം: 48.00 ലക്ഷം രൂപ)**
**(ആകെ :120.00 ലക്ഷം രൂപ)**

സ്വാധാർ ഹോമുകളും ഷോർട്ട് സ്റ്റേ ഹോമുകളും സംയോജിപ്പിച്ച് ഭാരത സർക്കാർ 2016-17 -ൽ സ്വാധാർ ഗ്രഹ് എന്ന പുതിയ പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിത ഘടന 60 : 40 എന്ന നിരക്കിലാണ്. ഭവനം, ഭക്ഷണം, വസ്ത്രം, രോഗ ചികിത്സ, സുരക്ഷ എന്നിവയില്ലാത്തവരും സാമൂഹ്യ സാമ്പത്തിക പിന്തുണയില്ലാത്തതുമായ ദുരിത ബാധിതരായ സ്ത്രീകളുടേയും ഗാർഹിക പീഡനത്തെ അതിജീവിച്ചവരുടേയും പ്രാഥമിക ആവശ്യങ്ങൾ നൽകുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗാർഹിക അക്രമണത്തിനിരയായവർക്ക് സ്വാധാർ ഗ്രഹിൽ ഒരു വർഷം വരെ താമസിക്കാവുന്നതാണ്. മറ്റു പീഡനങ്ങൾക്ക് ഇരയായവർക്ക് പരമാവധി 3 വർഷം വരെ താമസിക്കാവുന്നതാണ്. 55 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്ക് 5 വർഷം വരെ താമസിക്കാവുന്നതും, തുടർന്ന് വൃദ്ധ സദനങ്ങളിലേക്കോ മറ്റു സ്ഥാപനങ്ങളിലേക്കോ മാറേണ്ടതാണ്.

ഈ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകളോടൊപ്പമുള്ള കുട്ടികളേയും താമസിപ്പിക്കാവുന്നതാണ്. 18 വയസ്സു വരെയുള്ള പെൺകുട്ടികളേയും 8 വയസ്സു വരെയുള്ള ആൺകുട്ടികളേയും അവരുടെ അമ്മമാരുടെ കൂടെ താമസിപ്പിക്കാവുന്നതാണ്. കേരളത്തിൽ 7 ഹോമുകൾ സ്വാധാർ ഗ്രഹ് ആയി പ്രവർത്തിച്ചു വരുന്നു. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് ആണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് 2022-23ൽ യോഗ്യരായ സംഘടനകളിൽനിന്നും അപേക്ഷകൾ സ്വീകരിക്കുകയും, പ്രവർത്തിച്ചു വരുന്ന ഹോമുകൾക്ക് തുക അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2022-23 കാലയളവിൽ 120.00 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാനവിഹിതമായി വകയിരുത്തിയിരിക്കുന്നു.

7. **ഉജ്ജ്വല – (60 ശതമാനം CSS)**

**Head of Account : 2235-02-103-49(1)** **(കേന്ദ്ര വിഹിതം: 60.00 ലക്ഷം രൂപ)**
**Head of Account : 2235-02-103-49(2)** **(സംസ്ഥാനവിഹിതം: 30.00 ലക്ഷം രൂപ)**
**(ആകെ : 90.00 ലക്ഷം രൂപ)**

മനുഷ്യക്കടത്ത് തടയുന്നതിനും ഇരയായവരെ രക്ഷപ്പെടുത്തുന്നതിനും, പുനരധിവസിപ്പിക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതിയാണ് ഉജ്ജ്വല. കേന്ദ്ര/സംസ്ഥാന/ നിർവ്വഹണ ഏജൻസികളുടെ വിഹിത ഘടന 60:30:10 എന്ന നിരക്കിലാണ്. ഈ പദ്ധതിയുള്ള ഗ്രാന്റ് സംസ്ഥാന ഗവൺമെന്റ് മുഖേനയാണ് അനുവദിക്കുന്നത്. നിലവിൽ 3 സ്ഥാപനങ്ങൾക്ക് ഈ പദ്ധതി മുഖേന സഹായം ലഭിക്കുന്നുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 2022-23 ൽ 90.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

8. **നാഷണൽ ക്രഷ് സ്കീം – (60 ശതമാനം CSS)**

**Head of Account : 2235-02-102-20 (1)** **(കേന്ദ്ര വിഹിതം: 522.00 ലക്ഷം രൂപ)**
**Head of Account : 2235-02-102-20 (2)** **(സംസ്ഥാനവിഹിതം: 261.00 ലക്ഷം രൂപ)**
**(ആകെ : 783.00 ലക്ഷം രൂപ)**

ഉദ്യോഗസ്ഥരായ മാതാപിതാക്കൾക്ക് ജോലി സമയത്ത് കുട്ടികളെ സുരക്ഷിതമായി ഏൽപ്പിക്കുന്നതിനുള്ള സൗകര്യമാണ് ക്രഷ്. ഇവിടെ കുട്ടികളുടെ സമഗ്രമായ വികസനത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതായിരിക്കും. വീട്ടിൽ നിന്ന് പകൽ സമയം മാറി നിൽക്കേണ്ടി വരുന്ന 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും അവരെ പരിചരിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന NGO വിഹിത ഘടന യഥാക്രമം 60:30:10 എന്ന അനുപാതത്തിലാണ്. കുട്ടികളുടെ ആരോഗ്യ പോഷകാവസ്ഥ മെച്ചപ്പെടുത്തൽ, ശാരീരിക മാനസിക വൈകാരിക വികാസം പ്രോൽസാഹിപ്പിക്കൽ, മെച്ചപ്പെട്ട ശിശു സംരക്ഷണം നൽകുന്നതിന് മാതാപിതാക്കൾക്കും / പരിപാലകർക്കും അറിവ് നൽകുക, സമൂഹത്തിലെ ഉദ്യോഗസ്ഥ മാതാപിതാക്കളുടെ കുട്ടികൾക്ക് (6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക്) പകൽ സമയത്ത് പരിപാലന സൗകര്യങ്ങൾ നൽകുക എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ. പദ്ധതി നടത്തിപ്പിനായി 2022-23ൽ 783.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**9. അങ്കണവാടി കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾ (60% CSS)**

**Head of Account 2235-02-102-33 (1) (കേന്ദ്ര വിഹിതം: 0.60 ലക്ഷം രൂപ)**
**Head of Account 2235-02-102-33 (2) (സംസ്ഥാനവിഹിതം: 0.40 ലക്ഷം രൂപ)**
**(ആകെ : 1.00 ലക്ഷം രൂപ)**

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടങ്ങൾ തകർന്ന അവസ്ഥയിലായതിനാൽ അതിന് അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും ആവശ്യമാണ്. അങ്കണവാടി കേന്ദ്രങ്ങളിൽ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നതാണ് ലക്ഷ്യം. ഇതിനായി 2022-23 ബഡ്ജറ്റിൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**10. അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ (60% CSS)**

**Head of Account 2235-02-102-31(1) (കേന്ദ്ര വിഹിതം: 0.60 ലക്ഷം രൂപ)**
**Head of Account 2235-02-102-31(2) (സംസ്ഥാനവിഹിതം: 0.40 ലക്ഷം രൂപ)**

**(ആകെ : 1.00 ലക്ഷം രൂപ)**

കുട്ടികൾക്ക് ലളിതമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ടോയ്‌ലറ്റുകൾ അങ്കണവാടികളിൽ നിർമ്മിക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അങ്കണവാടികളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനും ആരോഗ്യകരമായ രീതികൾ കുട്ടികളിൽ വളർത്താനും ശൈശവത്തിൽ തന്നെ ടോയ്‌ലറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. സ്വച്ഛ ഭാരത ആക്ഷൻ പ്ലാൻ മാർഗ്ഗ നിർദ്ദേശ പ്രകാരം നിർമ്മിക്കേണ്ട ടോയ്‌ലറ്റിന് ഒരു അങ്കണവാടിയ്ക്ക് 12,000 രൂപ നിരക്കിൽ അനുവദിക്കുന്നു. ഈ പദ്ധതിയ്ക്കായി 2022-23 ൽ 1.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**11. അങ്കണവാടികളിൽ കുടിവെള്ള സൗകര്യങ്ങൾ (60% CSS)**

**Head of Account 2235-02-102-30(1) (കേന്ദ്ര വിഹിതം: 0.90 ലക്ഷം രൂപ)**
**Head of Account 2235-02-102-30(2) (സംസ്ഥാനവിഹിതം: 0.60 ലക്ഷം രൂപ)**
**(ആകെ : 1.50 ലക്ഷം രൂപ)**

അങ്കണവാടികളിൽ പാചകത്തിനും കുടിവെള്ളത്തിനുമായി മതിയായ ശുദ്ധ ജലം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. കേന്ദ്ര ഗവൺമെന്റ് ഒരു അങ്കണവാടിയ്ക്ക് 10000/- രൂപ നിരക്കിലാണ് അനുവദിക്കുന്നത്. ഈ പദ്ധതിയുടെ കേന്ദ്ര –സംസ്ഥാന വിഹിത ഘടന 60:40 എന്ന നിരക്കിലാണ്. 2022-23 ലും പദ്ധതി തുടരുന്നതാണ്. കുടിവെള്ള സൗകര്യങ്ങൾ

ആവശ്യമായിട്ടുള്ള സംസ്ഥാനത്തിലെ എല്ലാ അങ്കണവാടികൾക്കും സഹായം നൽകുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2022-23 ബഡ്ജറ്റിൽ 1.50 **ലക്ഷം രൂപ** വകയിരുത്തിയിരിക്കുന്നു.

**12. മഹിളാ ശക്തി കേന്ദ്രം (60% CSS)**

**Head of Account 2235-02-103-54 (1) (കേന്ദ്ര വിഹിതം: 120.00 ലക്ഷം രൂപ)**
**Head of Account 2235-02-103-54 (2) (സംസ്ഥാനവിഹിതം: 80.00 ലക്ഷം രൂപ)**
**(ആകെ : 200.00 ലക്ഷം രൂപ)**

വിവിധ തലങ്ങളിലുള്ള പ്രവർത്തനമാണ് മഹിളാ ശക്തി കേന്ദ്രം വിഭാവനം ചെയ്യുന്നത്. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന് പിന്തുണ നൽകാൻ സംവിധാനങ്ങളുള്ളതുപോലെ ജില്ലാ/ബ്ളോക്ക് തല കേന്ദ്രങ്ങൾ MSKയ്ക്ക് പിന്തുണ നല്കുന്നതിനോടൊപ്പം 640 ജില്ലകളിൽ ഘട്ടം ഘട്ടമായി വനിത ശാക്തീകരണ പദ്ധതികൾക്കും (BBBP ഉൾപ്പെടെ) പിന്തുണ നൽകുന്നു. എം.എസ്.കെ ബ്ലോക്ക്തല പരിപാടികളുടെ ഭാഗമായി, ഏറ്റവും പിന്നോക്കം നിൽക്കുന്ന 115 ബ്ലോക്കുകളിൽ വിദ്യാർത്ഥി സന്നദ്ധ പ്രവർത്തകർ മുഖേന സാമൂഹ്യ പങ്കാളിത്തം ഉദ്ദേശിക്കുന്നു. സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ചും, പരിപാടികളെ കുറിച്ചും, കൂടാതെ സ്ത്രീകളുടെ ജീവിതത്തെ ബാധിക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ചും ബോധവൽക്കരിക്കുന്നതിന് വിദ്യാർത്ഥി വോളണ്ടിയർമാർ ക്രീയാത്മകമായി പ്രവർത്തിക്കുന്നു, (ബ്ലോക്കുകളില്ലാത്ത സ്ഥലങ്ങളിൽ തത്തുല്യമായ ഭരണ യൂണിറ്റ്). ഈ പദ്ധതിയ്ക്ക് തുക അനുവദിക്കുന്നത് 60:40 എന്ന അനുപാതത്തിലാണ്. സംസ്ഥാനതല/ജില്ലാതല/ബ്ലോക്ക്തല റിസോഴ്സ് സെന്ററുകളും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 2022-23 ബഡ്ജറ്റിൽ 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13. ആധാർ എൻറോൾമെന്റ് കിറ്റ് വാങ്ങുക (60% CSS)**

**Head of Account 2235-02-102-32 (1) (കേന്ദ്ര വിഹിതം: 696.00 ലക്ഷം രൂപ)**
**Head of Account 2235-02-102-32 (2) (സംസ്ഥാനവിഹിതം: 464.00 ലക്ഷം രൂപ)**
**(ആകെ : 1160.00 ലക്ഷം രൂപ)**

ആധാർ എൻറോൾമെന്റ് കിറ്റ് 258 ഐസിഡിഎസ് ഓഫീസുകളിലേക്ക് 1.50 ലക്ഷം രൂപ നിരക്കിൽ വാങ്ങുന്നതിനായി കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, ടാബ്ലെറ്റ്, സ്കാനർ, ഫിംഗർ പ്രിന്റ് സ്കാനർ, ഐറിസ് സ്കാനർ, പ്രിന്റർ, യു പി എസ് എന്നിവ കിറ്റിൽ ഉൾപ്പെടുന്നു. കേന്ദ്ര സംസ്ഥാന വിഹിത ഘടന 60:40 അനുപാതത്തിലാണ്. 2022-23 -ൽ 1160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതകളായിരിക്കും.

**പോഷകാഹാരം**

**14. സംയോജിത ശിശു വികസന സേവനങ്ങൾ (60 CSS വിഹിതം)**

**Head of Account – 2235-02-102-47 (1)** **(കേന്ദ്ര വിഹിതം: 28200.00 ലക്ഷം രൂപ)**
**Head of Account – 2235-02-102-47 (2)** **(സംസ്ഥാനവിഹിതം: 18800.00 ലക്ഷം രൂപ)**
**(ആകെ : 47000.00 ലക്ഷം രൂപ)**

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ബൃഹത്തായ പരിപാടിയാണ് സംയോജിത ശിശു വികസന സേവനങ്ങൾ. കുട്ടിയുടെ ശൈശവവസ്ഥയിൽ അവരുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ അമ്മയുടെ പോഷകാഹാര ആവശ്യങ്ങളിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് പരിഗണിക്കാനാവില്ല. ഈ പരിപാടിയിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരുൾപ്പെടുന്നു. അങ്കണവാടി കേന്ദ്രങ്ങളിലൂടെ ഒരു സംയോജിത പാക്കേജായി താഴെപ്പറയുന്ന സേവനങ്ങൾ ഇതിന്റെ ഗുണഭോക്താക്കൾക്ക് എത്തിച്ചു നൽകാനാണ് ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

- പൂരക പോഷകാഹാരം
- പ്രതിരോധ കുത്തിവെയ്പ്പ്
- ആരോഗ്യ പരിശോധന
- റഫറൽ സർവ്വീസുകൾ
- ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
- പ്രീ-സ്കൂൾ വിദ്യാഭ്യാസം

ഐ.സി.ഡി.എസ് പദ്ധതി നടപ്പാക്കുന്നത് 33115 അങ്കണവാടി കേന്ദ്രങ്ങളുടെ ഒരു ബൃഹത് ശൃംഖലയിലൂടെയാണ്. പദ്ധതി നടപ്പാക്കാനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, ഭാരം അളക്കാനുള്ള ഉപകരണങ്ങൾ, അങ്കണവാടി കേന്ദ്രങ്ങൾക്കാവശ്യമായ പ്രീ-സ്കൂൾ വിദ്യാഭ്യാസ കിറ്റ്, ഐ.ഇ.സി പ്രവർത്തനങ്ങൾ, അങ്കണവാടികൾക്ക് വേണ്ടി വരുന്ന അപ്രതീക്ഷിത ചെലവുകൾ, യൂണിഫോം, ഐ.സി.ഡി.എസ് ഉദ്യോഗസ്ഥരുടെ അവലോകന യോഗം, ഐ.സി.ഡി.എസ് മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കാനതിനുള്ള ചെലവ് തുടങ്ങിയവ ഈ ശീർഷകത്തിൽപ്പെടും. 2022-23 -ൽ പദ്ധതി തുടരാൻ 47000.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**15. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൻ അഭിയാൻ) ( 80 ശതമാനം CSS)**

**Head of Account - 2235-02-102-28 (1)** **(കേന്ദ്ര വിഹിതം: 6528.00 ലക്ഷം രൂപ)**
**Head of Account - 2235-02-102-28 (2)** **(സംസ്ഥാനവിഹിതം: 1632.00 ലക്ഷം രൂപ)**
**(ആകെ : 8160.00 ലക്ഷം രൂപ)**

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാരവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി തൽസമയ മോണിട്ടറിംഗും കൂടാതെ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്നുദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. കേന്ദ്ര സർക്കാർ 2018 മാർച്ച് 8 -ന് ചുവടെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനായി പോഷൻ അഭിയാൻ (നാഷണൽന്യട്രീഷൻ മിഷൻ ) എന്ന പദ്ധതി ആരംഭിച്ചു. കുട്ടികളിലെ വളർച്ച മുരടിപ്പ് 6% മായി കുറയ്ക്കുക (0-6 വയസ്), ജനനസമയത്തെ തൂക്കക്കുറവ് 6% മായി കുറയ്ക്കുക. കുട്ടികളിലെ വിളർച്ച 6% മായി കുറയ്ക്കുക (6 മാസം മുതൽ 59 മാസം പ്രായമുള്ള), സ്ത്രീകളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലെയും വിളർച്ച 9 ശതമാനമായി കുറയ്ക്കുക, കുട്ടികളിലെ പോഷകാഹാര കുറവ് 6 ശതമാനമായി കുറയ്ക്കുക (0-6) എന്നിവയാണ് ലക്ഷ്യങ്ങൾ. സാമൂഹ്യാധിഷ്ഠിത പരിപാടികൾ, മനുഷ്യ വിഭവശേഷി, നൂതന ആശയം, ഐ.ഇ.സി, ഡാറ്റാ പ്ലാൻ, ഐ.എൽ.എ പരിശീലനം, സി.എ.എസ് പരിശീലനവും ഇൻസെന്റീവും എന്നിവയാണ് പ്രവർത്തനങ്ങൾ. പദ്ധതി നടപ്പാക്കാനായി 2022-23 ൽ 8160.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**16. പൂരക പോഷകാഹാര പരിപാടി (50 ശതമാനം കേന്ദ്ര വിഹിതം)**

**H-A 2235-02-102-39** **(കേന്ദ്ര വിഹിതം: 15000.00 ലക്ഷം രൂപ)**

ഐ.സി.ഡി.എസ് -ന്റെ ഒരു പ്രധാന ഘടകമാണ് പൂരക പോഷകാഹാര പരിപാടി ഐ.സി.ഡി.എസ് പദ്ധതിയുടെ ഘടന പ്രകാരം, ചുവടെ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡപ്രകാരമുള്ള പൂരക പോഷകാഹാരം നൽകേണ്ടത് സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വമാണ്.

| ഗുണഭോക്താക്കൾ | കലോറി | പ്രോട്ടീൻ (ഗ്രാം) |
|---|---|---|
| കുട്ടികൾ (6-72 മാസം) | 500 | 12-15 |
| ഗുരുതരമായി ഭാരക്കുറവുള്ള കുട്ടികൾ (6-72 മാസം) | 800 | 20-25 |
| ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും | 600 | 18-20 |

പൂരക പോഷകാഹാരം നൽകേണ്ട ചുമതല സംസ്ഥാനങ്ങൾക്കാണെങ്കിലും, 2005-06 മുതൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. വിവിധ വിഭാഗം ഗുണഭോക്താക്കൾക്കുള്ള ധനപരമായ മാനദണ്ഡപ്രകാരം അനുവദനീയമായ തുകയുടെ

50% തുകയോ, അല്ലെങ്കിൽ യഥാർത്ഥ ചെലവിന്റെ 50 ശതമാനമോ എതാണോ കുറവായ തുക അത് അനുവദിക്കുന്നു.

കേരളത്തിൽ, വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയതിലൂടെ അങ്കണവാടികളുടെ മേൽനോട്ടവും നിയന്ത്രണവും കൂടാതെ പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൂർണ്ണമായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഐ സി ഡി എസ് മാനദണ്ഡ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പോഷകമൂല്യം അടങ്ങിയ പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിക്കുന്ന തരത്തിലുള്ള ആഹാര സാധനങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ട്. പോഷകാഹാരത്തിനുള്ള ചെലവുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിർബന്ധിത ചെലവുകളിൽ ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്ത് 258 ഐ സി ഡി എസ് പ്രോജക്ടുകളിലായി 33115 അങ്കണവാടികൾ മുഖേന പൂരക പോഷകാഹാര പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്നു. തദ്ദേശഭരണ സ്ഥാപങ്ങളിലൂടെ പദ്ധതി നടപ്പാക്കി വരുന്നതിനാൽ ചെലവിന്റെ 50 ശതമാനം തുക, അതാത് സംസ്ഥാന വിഹിതം വഹിക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. ശേഷിക്കുന്ന 50 ശതമാനം തുക കേന്ദ്രാവിഷ്കൃത വിഹിതമായി ലഭിക്കുന്ന മുറക്ക് തദ്ദേഭരണ സ്ഥാപനങ്ങൾക്കു അനുവദിക്കുന്നതാണ്.

2022-23 ൽ പദ്ധതി നടപ്പാക്കാൻ 15000.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.